

# ടച്ച് മീ

TOUCH ME

നവംബർ 2024

A

15th

HAPPY

# Wedding Anniversary

21-11-2024



## Santy Augustine
## Nisha Santy

Chittadiyil house
Kottayil road, Kunnamkulam

*Best compliments from : Ankith and Adhya*





# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 17 – 2024 നവംബർ – ലക്കം : 3

സെൻ്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന – തൃശ്ശൂർ അതിരൂപത)

kunnamkulamch@adtcr.org
www.touchmekkm.in



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ
**ജോണി ബെഹ്‌ഷോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
**പേൾജു ബി. ചുങ്കത്ത്** 98470 31110
**കെ.ജി. ബാബു** 99619 99487
**സി.എൻ. ഇമ്മാനുവേൽ** 95390 30439


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 4 |
| വിശ്വാസപരിശീലനം | 7 |
| ജൂനിയർ സി.എൽ.സി. | 8 |
| സഭാ വാർത്തകൾ | 9 |
| ഇടവക തിരുനാൾ കമ്മിറ്റി | 10 |
| വഴിവിളക്ക് | 13 |
| കുടുംബങ്ങളിൽ സംഭവിക്കാൻ... | 14 |
| കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ | 16 |
| മരണം വരുമൊരുനാൾ | 17 |
| നന്ദി | 19 |
| സംഘടനാ വാർത്തകൾ | 22 |
| ഇടവക ആൽബം | 23 |
| മിഴിവിളക്ക് | 24 |
| രക്തസാക്ഷി ദേവസഹായംപിള്ള... | 25 |
| അടിക്കുറിപ്പ് മത്സരം | 30 |
| നിറംകൊടുക്കാമോ | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

നവംബർ ഒന്നിന് തിരുസഭ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുകയാണ്.വിശുദ്ധ ഫ്രാൻസിസ് ബോർജിയ ഈശോ സഭയുടെസുപ്പീരിയർ ജനറൽ ആയിരുന്ന സമയത്ത് അദ്ദേഹത്തിന്റെ സന്യാസ സമൂഹത്തിന് അദ്ദേഹം ഒരുപ്രത്യേക ഭക്ത കൃത്യം അനുഷ്ഠിക്കണമെന്ന നിർദേശം കൊടുത്തു.ആ ഭക്ത കൃത്യം ഇങ്ങനെയായിരുന്നു. എല്ലാ മാസവും സഭാംഗങ്ങൾ ഓരോ വിശുദ്ധനെ നറുക്കിട്ടെടുത്ത് ആ വിശുദ്ധന്റെ പുണ്യങ്ങൾ അഭ്യസിക്കണം. അക്കാലത്ത് സഭയിൽ ജീവിച്ചിരുന്ന ഒരു വലിയ വിശുദ്ധനായിരുന്നു സ്റ്റനിസ്ലാവോസ് .അദ്ദേഹത്തിന് ഒരിക്കൽ കുറി വീണത് വിശുദ്ധ ലോറൻസിനെ അനുകരിക്കാനാണ്. സ്റ്റനിസ്ലാവോസ് വളരെ സന്തോഷത്തോടെ തനിക്ക് കുറിവീണ വിശുദ്ധനെ സ്വീകരിച്ചു. അദ്ദേഹത്തിന്റെ ജീവചരിത്രം വായിച്ചു. അദ്ദേഹത്തിന്റെ പ്രായശ്ചിത്ത പ്രവർത്തികൾ, പ്രാർത്ഥനാശൈലികൾ എല്ലാം അദ്ദേഹം പരിശീലിച്ചു.അങ്ങനെവിശുദ്ധ ലോറൻസിന്റെ തിരുനാൾ ആഘോഷിക്കുന്ന ദിവസം വന്നെത്തി. ആ ദിവസം സ്റ്റനിസ്ലാവോസ് വിശുദ്ധ ലോറൻസി നോട് ഇങ്ങനെ പ്രാർത്ഥിച്ചു, 'വി'ലോറൻസ് പുണ്യവാനെഈ വരുന്ന മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിൽ സ്വർഗ്ഗത്തിൽ ഇരുന്ന് പരിശുദ്ധഅമ്മയോടൊപ്പം ആ തിരുനാൾ ആഘോഷിക്കാൻ എന്നെ നീ സഹായിക്കണം. ഈ പ്രാർത്ഥനഫലമണിഞ്ഞു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെ തലേന്ന് സ്റ്റനിസ്ലാവോസ് രോഗം മൂർച്ഛിച്ചു മരിച്ചു.അങ്ങനെ അദ്ദേഹത്തിന്റെ ആഗ്രഹം പോലെ തന്നെ ആ സ്വർഗ്ഗാരോപണ തിരുന്നാൾ ദിവസം അദ്ദേഹം സ്വർഗ്ഗത്തിൽ പരിശുദ്ധ അമ്മയോടൊപ്പം ആയിരുന്നു.പ്രിയമുള്ളവരെ നവംബർ മാസത്തിൽ സകല വിശുദ്ധരുടെയും തിരുനാൾ ആചരിക്കുമ്പോൾ ഈ വിശുദ്ധരെല്ലാം ജീവിതകാലത്ത് നമ്മെ ഒരുപാട് സഹായിക്കുന്നുണ്ട്, നമ്മുടെ കൂടെയുണ്ട് എന്ന സത്യം നാം മനസ്സിലാക്കുകയും ഓർമ്മിക്കുകയും വേണം.നമുക്കും ഈ നവംബർ മാസത്തിൽ ഏതെങ്കിലും ഒരു വിശുദ്ധനെ അനുകരിക്കാൻ പരിശ്രമിക്കാം.അതുപോലെതന്നെ നവംബർ മാസം മരിച്ചവരെ കുറിച്ച് ഓർക്കുന്ന മാസമാണ്. മരിച്ചവരെക്കുറിച്ചുള്ള ഓർമ്മകൾ മരണത്തിലേക്കല്ല നമ്മെ കൂട്ടിക്കൊണ്ടു പോവുക. മരണത്തിനപ്പുറത്തെ ഒരു ജീവിതത്തിന്റെ വിശാലതയിലേക്കാണ്. ഇന്ന് നാം ഉണർന്നതിനാൽ ഒരു ദിവസം കൂടെ നമുക്കു കിട്ടി. സുഖിക്കാനല്ല. ഇത്രയും നാളിലെ ജീവിതത്തിന്റെ കുറവുകളെ പ്രതി അനുതപിക്കാൻ, തന്ന ജീവിതത്തിനു നന്ദി പറയാൻ. ക്രിസ്തുവിൽ നന്മചെയ്യാൻ. ഒരു ദിവസം കൂടി. അവനവനെക്കുറിച്ച് ബോധമുള്ളവരായി, ദൈവവചനത്തെക്കുറിച്ച് അവബോധമുള്ളവരായി കൂടെയു ള്ളവരെക്കുറിച്ച് ബോധ്യമുള്ളവരായി ജീവിക്കാൻ ഒരു ദിനം കൂടി. !ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

വീണ്ടും ഒരു സന്തോഷവാർത്ത! അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ, എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന മത്സര വിഭാഗത്തിൽ, അതിരൂപതയിലെ ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള മൂന്നാം സ്ഥാനം വീണ്ടും ടച്ച്-മീക്ക് ലഭിച്ചിരിക്കുന്നു. തുടർച്ചയായി മൂന്നാം തവണയാണ് അതിരൂപതയിൽ മികച്ച പാരിഷ് ബുള്ളറ്റിനുള്ള മൂന്നാം സ്ഥാനം ലഭിക്കുന്നത്. കൂടാതെ, മികച്ച കവറിനുള്ള മൂന്നാം സ്ഥാനവും, മികച്ച ലേഔട്ടിനുള്ള മൂന്നാം സ്ഥാനവും, മികച്ച ഇടയസ്വരത്തിന് നമ്മുടെ മുൻ വികാരി ദാവീദ് വിതയത്തിൽ അച്ചനും സമ്മാനം ലഭിച്ചിരിക്കുന്നു. ടച്ച്-മീയോട് കാണിക്കുന്ന സ്നേഹത്തിനും സഹകരണത്തിനും ഒത്തിരി നന്ദി.

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

പ്രിയ ഇടവക ജനമേ,

മരിച്ചുപോയവരെ പ്രത്യേകം വിധം ഓർമ്മിക്കാനുള്ള മാസമാണല്ലോ നവംബർ മാസം. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് അർത്ഥശൂന്യമാണെന്നുള്ള വാദം ഇന്നും ശക്തിപ്പെടുന്നുണ്ട്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് മക്കബായരുടെ രണ്ടാം പുസ്തകത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. വിഗ്രഹങ്ങളുടെ ചിഹ്നം ധരിച്ച് യുദ്ധത്തിന് പോയ ചില യഹൂദർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അവരുടെ പാപങ്ങൾ തുടച്ചുമാറ്റണം എന്ന് യാചിച്ച്, യൂദാസ് മക്കബേയസും കൂട്ടരും പ്രാർത്ഥനയിൽ മുഴുകി. "മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിന് അവർക്ക് വേണ്ടി പരിഹാരകർമ്മം അനുഷ്ഠിച്ചു" (2 മക്ക 12:42-45). ബി.സി. 165 ലാണ് ഇത് സംഭവിച്ചത്. മരിച്ചുപോയവർക്ക് വേണ്ടി, പ്രായശ്ചിത്ത പ്രവൃത്തികൾ ദാനധർമ്മം, സർവ്വോപരി ബലിയർപ്പണം മറ്റ് ഭക്തകാര്യങ്ങൾ മുതലായവ നടത്തുന്നത് സഭയുടെ ആദ്യകാലം മുതൽക്കുള്ള പാരമ്പര്യമാണ്. ഇവമൂലം മരിച്ചുപോയവർക്കുവേണ്ടി പാപപരിഹാരം അനുഷ്ഠിക്കാൻ ജീവിക്കുന്നവർക്ക് സാധിക്കുന്നു എന്ന് സഭ പഠിപ്പിക്കുന്നു. ഇതിനു കാരണം " സഭയുടെ കൂട്ടായ്മയാണ്". "പുണ്യവാന്മാരുടെ ഐക്യത്തിലും ഞങ്ങൾ വിശ്വസിക്കുന്നു". എന്ന് അപ്പസ്തോലന്മാരുടെ വിശ്വാസ പ്രമാണത്തിൽ നമ്മൾ ഏറ്റുപറയുന്നുണ്ട്. ഭൂമിയിൽ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി സഞ്ചരിക്കുന്ന തീർത്ഥാടക സഭയും, ലക്ഷ്യത്തിലെത്തി മഹത്വം പ്രാപിച്ച വിജയസഭയും, മരണാനന്തര ശുദ്ധീകരണ പ്രക്രിയക്ക് വിധേയപ്പെട്ടു കൊണ്ടിരിക്കുന്ന സഹനസഭയും തമ്മിൽ ഗാഢമായ ഐക്യമുണ്ട്. ഇതിനെയാണ് വിശുദ്ധരുടെ കൂട്ടായ്മയെന്ന് നാം പറയുന്നത്. ശുദ്ധീകരണ സ്ഥലത്ത് വേദനിക്കുന്നവരുടെ വേദന, സഭ മുഴുവന്റേയും വേദനയാണ്. അതുകൊണ്ട് മുഴുവൻ സഭയും അവർക്കു വേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

നമുക്കും മരിച്ചവരെ ഓർത്ത് പ്രാർത്ഥിക്കാം. അവർക്കായി നന്മ ചെയ്യാം; ഒരു നേരത്തെ ഭക്ഷണം പങ്കുവെയ്ക്കാം. ദൈവം അനുഗ്രഹിക്കട്ടെ.

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
**ഫാ. ഡെയ്സൻ മുണ്ടോപുറം**

# ഇടവക വാർത്തകൾ

**നവംബർ 3 ഞായർ : വി. ചാൾസ് ബൊറോമിയുടെ തിരുനാൾ
വിശ്വാസ പരിശീലകരുടെ ദിനം, കുടുംബസംഗമം & മിഷൻ കാർണിവെൽ**

6.00 am : വി. കുർബാന
11.00 am : വിശ്വാസ പരിശീലകരുടെ കുടുംബസംഗമം
(നേതൃത്വം : സ്റ്റുഡൻസ് കൗൺസിൽ)
4.30 pm : വിശ്വാസ പരിശീലകരുടെ ദിനം, അദ്ധ്യാപകർക്ക് ആദരം, വിശ്വാസപരിശീലന ക്ലാസ്സ്.
5.45 pm : വി. ചാൾസ് ബൊറോമിയുടെ ലദീഞ്ഞ്, നൊവേന & തിരുനാൾ കുർബാന, സന്ദേശം, നേർച്ച വിതരണം
7.00 pm : വർണ്ണകാഴ്ച, മിഷൻ കാർണിവൽ & ഫുഡ്ഫെസ്റ്റ് 2K24
(നേതൃത്വം : കുട്ടികളുടെ സംഘടനകൾ, കുട്ടികൂട്ടായ്മ & കുടുംബകൂട്ടായ്മ കേന്ദ്രസമിതി)

**നവംബർ 5 ചൊവ്വ : കപ്പേളയിൽ ലദീഞ്ഞ്, നൊവേന**

6.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദീഞ്ഞ്, നൊവേന

**നവംബർ 8 വെള്ളി : മൂന്നാം വെള്ളിയാചരണം**

5.45 am : ആരാധന, കരുണകൊന്ത
6.30 am : വി. കുർബാന, ലദീഞ്ഞ്, നൊവേന, നേർച്ച വിതരണം

**നവംബർ 9 ശനി : പുഞ്ചിരി മത്സരം, ക്രിസ്തുരാജ ഫാൻസി ഡ്രസ്സ് മത്സരം
& ശിശുദിന സന്ദേശ മത്സരം**

4.00 pm : പുഞ്ചിരി മത്സരം, ക്രിസ്തുരാജ ഫാൻസി ഡ്രസ്സ് മത്സരം, ശിശുദിന സന്ദേശം മത്സരം (നേതൃത്വം : തിരുബാലസഖ്യം)

**നവംബർ 10 ഞായർ : പി.ടി.എ. പൊതുയോഗം, എൻഡോവ്മെന്റ് പ്രകാശനം
& ക്രിസ്തുമസ് സമ്മാനകൂപ്പൺ**

7.15 am : ക്രിസ്തുമസ് സമ്മാനകൂപ്പൺ (നേതൃത്വം : കെ.എൽ.എം.)
10.30 am : പി.ടി.എ. പൊതുയോഗം, എൻഡോവ്മെന്റ് പ്രകാശനം
(നേതൃത്വം : പി.ടി.എ.)

**നവംബർ 14 വ്യാഴം : ശിശുദിനം & പ്രെയർ ഡേ**

5.45 am : പ്രെയർ ഡേ (നേതൃത്വം : തിരുബാലസഖ്യം)
6.30 am : വി. കുർബാന
7.15 am : ശിശുദിന മധുര വിതരണം & സമ്മാന വിതരണം
(നേതൃത്വം : തിരുബാലസഖ്യം)

**നവംബർ 15 വെള്ളി - നാലാം വെള്ളിയാചരണം**

5.45 am : ആരാധന, കരുണകൊന്ത
6.30 am : വി. കുർബാന, ലദീഞ്ഞ്, നൊവേന, നേർച്ചവിതരണം

**നവംബർ 17 ഞായർ - അഭയം ഞായർ & ഉണ്ണീശോയ്ക്കുള്ള കത്ത്**

7.30 am : ഉണ്ണിശോയ്ക്കൊരു കത്ത് (നേതൃത്വം : തിരുബാലസഖ്യം)
10.30 am : മരിച്ചവർക്കുള്ള അന്നദാനം - അഭയം ഞായർ (നേതൃത്വം : കത്തോലിക്കാ കോൺഗ്രസ്സ്)

**നവംബർ 22 വെള്ളി - വി. സിസിലിയുടെ തിരുനാൾ**

5.45 am : ആരാധന, കരുണകൊന്ത
6.15 am : വി. സിസിലിയുടെ തിരുനാൾ ലദ്ദീഞ്ഞ്, നൊവേന, കാഴ്ച സമർപ്പണത്തോടെ പുഷ്പാർച്ചന (നേതൃത്വം : ഗായകസംഘം)
6.30 am : തിരുനാൾ കുർബാന, സന്ദേശം, നേർച്ചവിതരണം (നേതൃത്വം : ഗായകസംഘം)

**നവംബർ 23 ശനി - ഗായകസംഘം പതാകദിനം & കുടുംബസംഗമം**

6.00 pm : പതാകവന്ദനം, വാർഷിക പൊതുസമ്മേളനം, കുടുംബസംഗമം തിരുനാൾ കാരുണ്യസമർപ്പണം, ആദരണീയം (നേതൃത്വം : ഗായകസംഘം)

**നവംബർ 24 ഞായർ - ക്രിസ്തുരാജത്വ തിരുനാൾ, യുവജനസംഗമ വിളംബരം, ഏയ്ഞ്ചൽസ് ഡേ & ബൈബിൾ മാസാചരണാരംഭം**

6.00 am : വി. കുർബാന, വി. കാർലോ അകിറ്റിസിന്റെ തിരുസ്വരൂപത്തിനും തിരുശേഷിപ്പിനും വണക്കം (നേതൃത്വം : യുവജന വർഷ കമ്മിറ്റി)
8.45 am : ക്രിസ്തുരാജത്വ റാലി (നേതൃത്വം : കുട്ടികൂട്ടായ്മ)
9.00 am : ക്രിസ്തുരാജത്വ തിരുനാൾ കുർബാന, ബൈബിൾ മാസാചരണ ആരംഭം.
10.30 am : ഏയ്ഞ്ചൽസ് ഡേ കുമ്പസാരം & ആരാധന
2pm to 5pm : യുവജനസംഗമ വിളംബരം (നേതൃത്വം : യുവജനവർഷ കമ്മിറ്റി)

**നവംബർ 29 വെള്ളി - അഞ്ചാം വെള്ളിയാചരണം**

5.45 am : ആരാധന, കരുണകൊന്ത
6.15 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ചവിതരണം.

**നവംബർ മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വാനയകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| നവംബർ 03 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| നവംബർ 10 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| നവംബർ 17 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| നവംബർ 24 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |

സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നംകുളം

**ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ**
**വി. സെബസ്ത്യാനോസിന്റേയും**
**ഇടവകയുടെ സ്വർഗ്ഗീയ സഹ മദ്ധ്യസ്ഥരായ**
**പരി. കന്യകാമാതാവിന്റേയും, വി. എവുപ്രാസ്യമ്മയുടേയും**

# 278-ാമത് തിരുനാൾ മഹോത്സവം

**2025 ജനുവരി 11, 12, 13 (ശനി, ഞായർ, തിങ്കൾ)**

2025 ജനുവരി 1 ബുധൻ
ഇടവക തിരുനാൾ മദ്ധ്യസ്ഥ പ്രാർത്ഥന

2025 ജനുവരി 3 വെള്ളി
ഇടവക തിരുനാൾ കൊടിയേറ്റം – തിരുനാൾ വിളംബരം

2025 ജനുവരി 5 ഞായർ
പ്രദക്ഷിണാതിർത്തികളിൽ തിരുനാൾ കൊടിയേറ്റം

2025 ജനുവരി 10 വെള്ളി
ദീപാലങ്കാര സ്വിച്ച് ഓൺ കർമ്മം

2025 ജനുവരി 11 ശനി
കൂടുതുറക്കൽ ശുശ്രൂഷ, അമ്പ്, വള, തിരുശേഷിപ്പ് എഴുന്നെള്ളിപ്പ്

**2025 ജനുവരി 12 ഞായർ – തിരുനാൾ ദിനം**
തിരുനാൾ കുർബാന, പ്രസുദേന്തി വാഴ്ച, തിരുനാൾ പ്രദക്ഷിണം

2025 ജനുവരി 13 തിങ്കൾ
മരിച്ചവരുടെ ഓർമ്മ, വാഹനവെഞ്ചിരിപ്പ്, തിരുനാൾ കലാസന്ധ്യ

2025 ജനുവരി 19 ഞായർ
തിരുനാൾ എട്ടാമിടം, ഇടവക ദിനം

2025 ജനുവരി 20 തിങ്കൾ
വി. സെബസ്ത്യാനോസിന്റെ തിരുനാൾ, കാരുണ്യ സമർപ്പണം






**പി.എ. ലില്ലി**
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമല്ലേ? അർദ്ധവാർഷിക പരീക്ഷ കഴിഞ്ഞ് ഉത്തരക്കടലാസുകളെല്ലാം കിട്ടിയില്ലേ? എല്ലാവർക്കും നല്ല മാർക്ക് ഉണ്ടായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

രണ്ടു പരീക്ഷയിലും മിനിമം മാർക്ക് കിട്ടിയാലേ അടുത്ത ക്ലാസ്സിലേക്ക് ജയിക്കാനാവൂ എന്ന് അറിയാമല്ലോ.

വളരെയധികം ആക്റ്റിവിറ്റികൾ ഉണ്ടായിരുന്ന മാസമാണ് കടന്നുപോയത്. എല്ലാവരും വളരെ ഭംഗിയായി പങ്കെടുത്തതിൽ സന്തോഷം. ജപമാല മാസം ഭക്തിയോടെ ആചരിക്കുന്നതിൽ എല്ലാവരും നന്നായി മനസ്സുവെച്ചു. മാതാവിന്റെ അനുഗ്രഹം എല്ലാവർക്കും ഉണ്ടാകും.

തുടർന്നും പഠനത്തിലും മറ്റ് ആക്റ്റിവിറ്റികളിലും നല്ല മനസ്സോടെ പങ്കെടുക്കുക! വിജയിക്കുക!!

സ്നേഹത്തോടെ,
ലില്ലിടീച്ചർ



### അനുമോദനങ്ങൾ

സെപ്തംബർ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത
**കോലാടി ജെയ്സൺ അജയ്ക്രിസ്-ന്**
***ഇടവകയുടേയും ടച്ച്മീയുടേയും***
***അനുമോദനങ്ങൾ***

*ജൂനിയർ സി.എൽ.സി. പംക്തി*



# ജപമാല രാജ്ഞി

ദാന ആന്റോ

പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണം സദാ അനുഭവിക്കാനുള്ള അവസരമാണ് ജപമാല പ്രാർത്ഥന ചൊല്ലുന്നതുവഴി നമുക്ക് ലഭിക്കുന്നത്. യേശുക്രിസ്തുവിന്റേയും അവിടുത്തെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റേയും ജീവിതത്തിലെ സുപ്രധാന സംഭവങ്ങളെ ജപമാല മണികളിലൂടെ കോർത്തിണക്കി പ്രാർത്ഥനയിലൂടേയും ധ്യാനത്തിന്റേയും ഒരു കലവറയാക്കി മാറ്റുകയാണ് ജപമാലയിലൂടെ വിശ്വാസസമൂഹം. സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള ചെറിയ ചെറിയ സമ്പാദ്യങ്ങളാണ് ഓരോ ജപമാല പ്രാർത്ഥനകളും. ഓരോ ജപമണിയും ഉരുവിടുമ്പോൾ അമ്മയുടെ കണ്ണുകളിലൂടെ യേശുവിനെ നോക്കാൻ പഠിപ്പിക്കുകയും, അമ്മ ഈശോയെ സ്നേഹിച്ച അതേ ഹൃദയ ഭാവത്തോടെ നാം ഈശോയെ സ്നേഹിക്കുന്നവരായി രൂപാന്തരപ്പെടുകയും ചെയ്യുന്നു.

വി. തോമസ് അക്വിനാസ് പറയുന്നു “മറിയമേ സ്തുതി” എന്ന് ഹൃദയത്തിൽ ഉരുവിടുമ്പോൾ അന്ധകാരശക്തികൾ ഓടിയൊളിക്കുന്നു” ഈ ലോകത്തിന്റെ എല്ലാ പൈശാചിക പീഢകളേയും നമ്മുടെ കൈപിടിയിലൊതുക്കാൻ ഒരു നൻമ നിറഞ്ഞ മറിയമേ എന്ന ജപം മതി. നമ്മുടെ അരികിലെത്തുന്ന സ്ഥിര പ്രലോഭകർ: അഹങ്കാരം, അസൂയ, അലസത, സ്വാർത്ഥത, വ്യഭിചാരം, കലഹം, ശത്രുത, വ്യർത്ഥ ഭാഷണം, ധിക്കാരം, അമിതഭോജനം, അപവാദം, പരദൂഷണം ഇവയെല്ലാം എതിർത്തുതോൽപ്പിക്കാൻ മരിയസ്തുതിക്കാവും. വി. ജോൺബർക്കുമെൻസ് പറയുന്നു. “ഞാൻ എന്നെ തന്നെ മറിയത്തിന് സമർപ്പിക്കുന്നു. അല്ലെങ്കിൽ ഞാൻ സുരക്ഷിതനല്ല” നമ്മുടെ സുരക്ഷിതത്വം മുഴുവൻ ഈ അമ്മയുടെ കൈകളിൽ ഏൽപിക്കാം. ഇന്ന് സഭ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളെ സമർപ്പിച്ചുകൊണ്ട് നിരവധി ജപമാലകൾ സമർപ്പിക്കാം.

പരിശുദ്ധ ജപമാലയുടെ രാജ്ഞി... ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ! എന്ന പ്രശസ്തമായ പ്രാർത്ഥന, ക്രമത്തിൽ ജപമാല രാജ്ഞിയോട് നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. സകലർക്കും മോക്ഷം നൽകുവാൻ കഴിവുള്ളവനായ പുത്രനായ ക്രിസ്തുവും രക്ഷാകര പദ്ധതിയിൽ സഹായിയായ തന്റെ അമ്മയുമായ, പരിശുദ്ധ ദൈവമാതാവായിട്ടുള്ള പ്രാർത്ഥനയാണ് ജപമാല.

സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുന്നംകുളം

# ടച്ച് മീ

TOUCH ME




# പാരിഷ് ബുള്ളറ്റിന് വീണ്ടും

# സമ്മാനപ്പെരുമഴ

2023 തൃശൂർ അതിരൂപതയിൽ നടത്തിയ
എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ
പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ

**അതിരൂപതയിൽ**
**ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള**
**മൂന്നാം സ്ഥാനം**

തുടർച്ചയായി മൂന്നാമത്തെ വർഷവും
കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ഇടവകയുടെ ശബ്ദമായ
**ടച്ച്-മീ പാരിഷ് ബുള്ളറ്റിന്**

കൂടാതെ

**മികച്ച കവർ പേജ് : 3-ാം സ്ഥാനം**

**മികച്ച ലേ ഔട്ട് (രൂപകല്പന) : 3-ാം സ്ഥാനം**

**മികച്ച ഇടയസ്വരം : റവ. ഫാ. ദാവീദ് വിതയത്തിൽ**

**ടച്ച്-മീ പാരിഷ് ബുള്ളറ്റിന് തുടർച്ചയായി അഞ്ചാം വർഷമാണ് അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ സമ്മാനങ്ങൾ ലഭിക്കുന്നത്.**

ടച്ച്-മീയോട് കാണിക്കുന്ന സ്നേഹത്തിനും കരുതലിനും സഹകരണത്തിനും
ഇടവക സമൂഹത്തിന് ഹൃദയം നിറഞ്ഞ നന്ദി

ടച്ച് മീ
TOUCH ME
എഡിറ്റോറിയൽ ബോർഡ്


8TH
HAPPPY
Birthday
21-11-2024
Hazel Deryk
D/o. DERYK SUNNY & ABITHA DERYK
Veerampully House
Kanippayoor P.O., Kunnamkulam
Best Compliments From
Appappan & Ammamma



# സഭാ വാർത്തകൾ

**ഈസ്റ്റർ ആക്രമണം: പുനരന്വേഷണം നടത്താനുള്ള ഗവൺമെന്റ് തീരുമാനത്തെ സ്വാഗതം ചെയ്ത് ശ്രീലങ്കൻ സഭ**

കൊളംബോ: 2019 ഈസ്റ്റർദിനത്തിൽ നടന്ന ചാവേർ ആക്രമണത്തിൽ പുനരന്വേഷണം പ്രഖ്യാപിച്ച ഗവൺമെന്റ് നടപടി ശുഭകരമായ അടയാളമാണെന്ന് ബിഷപ് പീറ്റർ ആന്റണി വൈമാൻ ക്രൂസ്. നീതിലഭിക്കുമെന്ന പ്രത്യാശയോടെയാണ് പുതിയ അന്വേഷണത്തെ നോക്കി കാണുന്നതെന്ന് മധ്യശ്രീലങ്കയിലെ രത്നാപുര നഗരം ആസ്ഥാനമായുള്ള രൂപതയുടെ ചുമതല വഹിക്കുന്ന ബിഷപ് പീറ്റർ പറഞ്ഞു. പ്രസിഡന്റ് അനുരകുമാരയുടെ നേതൃത്വത്തിൽ ചുമതലയേറ്റ പുതിയ ഗവൺമെന്റാണ് പുനരന്വേഷണം പ്രഖ്യാപിച്ചത്. 2019 ഏപ്രിൽ 21 ഈസ്റ്റർ ദിനത്തിൽ കൊളംബോയിലെ മൂന്ന് ദൈവാലയങ്ങളും മൂന്ന് ഹോട്ടലുകളും കേന്ദ്രീകരിച്ച് നടന്ന ചാവേർ ആക്രമണങ്ങളിൽ 279 പേരാണ് കൊല്ലപ്പെട്ടത്. ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച ആരും നിയമപരമായ ബാധ്യതയിൽ നിന്ന് രക്ഷപെടില്ലെന്ന് വിദേശകാര്യമന്ത്രി വിജിത ഹേരത്ത് പറഞ്ഞു. വിശ്വാസികൾക്ക് നീതി ലഭ്യമാക്കുമെന്ന് പ്രസിഡന്റ് അനുരകുമാര ദിസാനായകയും പ്രഖ്യാപിച്ചിരുന്നു. ചാവേർ ആക്രമണത്തന് വേദിയായ നെഗോംബോയിലെ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയം സന്ദർശിച്ച അവസരത്തിലായിരുന്നു പ്രസിഡന്റിന്റെ പ്രഖ്യാപനം.

**ചരിത്രത്തിലാദ്യമായി അധികാരത്തിലിരിക്കുന്ന മാർപാപ്പ, ഓർമക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുന്നു**

വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് മാർപാപ്പയുടെ ഓർമക്കുറിപ്പുകൾ, 'ഹോപ്പ്' എന്ന പേരിൽ ജനുവരിയിൽ പ്രസിദ്ധീകരിക്കും. ഇതാദ്യമായാണ് അധികാരത്തിലിരിക്കുന്ന ഒരു മാർപാപ്പ ഓർമക്കുറിപ്പുകൾ പ്രസിദ്ധീകരിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പയുടെ കാലശേഷം പ്രസിദ്ധീകരിക്കാനിരുന്ന ഓർമക്കുറിപ്പുകൾ അടുത്തവർഷം പ്രത്യാശയുടെ ജൂബിലിവർഷം ആഘോഷിക്കുന്ന പശ്ചാത്തലത്തിൽ, പാപ്പയുടെ പ്രത്യേക നിർദേശപ്രകാരം, റാൻഡം ഹൗസ് പബ്ലിഷിംഗ് പ്രസിദ്ധീകരിക്കുവാൻ തീരുമാനിക്കുകയായിരുന്നു.

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്
# വി. സെബസ്ത്യാനോസിന്റേയും
# പരി. ദൈവമാതാവിന്റേയും വി. എവുപ്രാസ്യമ്മയുടേയും
# 278-ാമത് തിരുനാൾ

**2025 ജനുവരി 11, 12, 13 (ശനി, ഞായർ, തിങ്കൾ)**

## ഇടവക സംയുക്ത തിരുനാൾ കമ്മറ്റി 2025

*ചെയർമാൻ*

വികാരി
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

*വൈസ് ചെയർമാൻമാർ*

സിസ്റ്റർ സുപ്പീരിയർ
**സി. ആൻജോസ് സി.എം.സി.**
80869 50771

കൈക്കാരൻ
**പേൾജു ബി. ചുങ്കത്ത്**
98470 31110

കൈക്കാരൻ
**കെ.ജി. ബാബു**
99619 99487

കൈക്കാരൻ
**സി.എൻ. ഇമ്മാനുവേൽ**
95390 30439

---

*ജനറൽ കൺവീനർ*

**സാന്റി അഗസ്റ്റിൻ**
94973 29496

*ജോ. ജനറൽ കൺവീനർ*

**അൽഫോൻസ വിത്സൻ**
95391 45850

---

*സെക്രട്ടറി*

പ്രതിനിധിയോഗം സെക്രട്ടറി
**ടി.ജെ. തോംസൺ**
94460 49420

*ജോ. സെക്രട്ടറി*

ദൈവാലയ ശുശ്രൂഷി
**വി.എ. ഉല്ലാസൻ**
96057 84374

### ഫിനാൻസ് കമ്മിറ്റി

*കൺവീനർ*

**വി.ജെ. സുനിൽ**
94476 15901

*ജോ. കൺവീനർ*

**എം.എൽ. സുനിൽ**
98464 34411

*അംഗങ്ങൾ*

**സിജോ ജോസഫ്**
**ഫ്ളോറൻസ് ലോയ്ഡ്**
**സിജു വി. രാജു**
**കെ.ജി. ജിജോ**
**എം.കെ. ഫ്രാൻസീസ്**
**പി.ജെ. ടോണി**

## പബ്ലിസിറ്റി കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| രാജു ബി. ചുങ്കത്ത് | എൻ.ജെ. ജെയ്മോൻ |
| 98474 31110 | 88489 29956 |

**അംഗങ്ങൾ**

വർഗ്ഗീസ് ആലപ്പാട്ട് | റോജൻ റോക്കി | പോൾ പുഷ്പരാജ്
കെ.ജെ. ജെയ്സൺ | കെ.ജി. ഷാബു | കെ.പി. സെബാസ്റ്റ്യൻ

## ലിറ്റർജി കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| പി.എ. ലില്ലി | ജിനി ജെയ്മോൻ |
| 94461 45760 | 93497 48775 |

**അംഗങ്ങൾ**

അനു അഭിലാഷ് | നിഷ സാന്റി | ജാൻസി പോൾ
ഫെമി ജോൺസൺ | ബിനിത ജോയ് | ജാൻസി ബാബു
പ്രാർത്ഥനാ ഗ്രൂപ്പ് സംഘടന അംഗങ്ങൾ

## പ്രൊസഷൻ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| സി.ഡി. ബിന്നി | പി.ജെ. കൃപദാസ് |
| 92497 87123 | 70345 95049 |

**അംഗങ്ങൾ**

അഫ്രിൻ ബെൻ | ക്രിസ്റ്റോ സി. പോൾ | ഷാലി അൽഫോൻസ
അമിത് ടോണി | ടിജോ ജോൺസൺ | ജിനി ഷാബു
കെ.സി.വൈ.എം. & കെ.എൽ.എം. സംഘടന അംഗങ്ങൾ

## കാരുണ്യം & കലാസന്ധ്യ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| എം.എൽ. മാണി | വി.സി. ജോസി |
| 94463 91580 | 98470 17297 |

**അംഗങ്ങൾ**

ശിൽപ രാജു | സി.ജെ. ജെസ്ന | അനിറ്റ ജിൻസൺ | സിയ ഷാജു
യൂത്ത് സി.എൽ.സി. സംഘടന അംഗങ്ങൾ

## ഡെക്കറേഷൻ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| ജാൻസി ആന്റോ | ജീന ജിജു |
| 98461 79169 | 96050 31110 |

**അംഗങ്ങൾ**

റീന ഭാസി ജിന്നി ജിൻസൺ ബബിത പോയ്സ്
റീന ജെയ്സൺ ജൂലി ജൂനിയർ
റോസ മിസ്റ്റിക അൾത്താര ഡെക്കറേഷൻ സമിതി അംഗങ്ങൾ

## ഇല്യൂമിനേഷൻ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| ജോപോൾ വി. ആലപ്പാട്ട് | വി.ജെ. മിക്കി |
| 98951 08131 | 94478 32713 |

**അംഗങ്ങൾ**

സി.ആർ. ടോണി വി.എ. ജോസ്

## ഫുഡ് കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| പോയ്സ് ജേബി | ഇ.സി. രാജു |
| 99611 18927 | 95620 92235 |

**അംഗങ്ങൾ**

രാഹുൽ സുരേഷ് ആൽഫിൻ റൊണാൾഡ് ലില്ലി ആന്റണി
മാതൃവേദി സംഘടന അംഗങ്ങൾ

## വർണ്ണമഴ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| ലിയോൺ ജോർജ്ജ് | ജിനോ ജോൺ |
| 96056 14973 | 75590 02433 |

**അംഗങ്ങൾ**

പി.ആർ. സജി കെ.എൽ. ലോയ്ഡ്

## വളണ്ടിയർ കമ്മിറ്റി

| കൺവീനർ | ജോ. കൺവീനർ |
|---|---|
| സി.എം. സാംസൺ | സി.ഒ. ആന്റണി |
| 94467 64210 | 92498 88232 |

**അംഗങ്ങൾ**

എം.ആർ. ആന്റോ എം.കെ. ദേവസി സാന്ദ്ര എം. സുനിൽ
ജോസ് ജോണി കെ.ടി. ബൈജു ജെസീന്ത ഷാജു
കത്തോലിക്കാ കോൺഗ്രസ്സ് സംഘടന അംഗങ്ങൾ

# വഴിവിളക്ക്

## അപ്പസ്തോലന്മാർ

**വി. ചെറിയ യാക്കോബ്**

| | |
|---|---|
| പേരിന്റെ അർത്ഥം | - കുതികാലിൽ പിടിച്ചവൻ |
| മറ്റുനാമങ്ങൾ | - ഒന്നുംതന്നെയില്ല |
| മാതാപിതാക്കൾ | - ഹൽപ്പെ, മറിയം |
| ഗോത്രം | - മനാസെ |
| സ്വദേശം | - കഫർണാം |
| ചിഹ്നം | - രജകന്റെ ഗദ |
| തൊഴിൽ | - ചുങ്കം പിരിവ് |
| സുവിശേഷപ്രഘോഷണം | - ജറുസലേം, സിറിയ |
| ജീവിതസമർപ്പണം | - 62ൽ ജറുസലേമിൽ വെച്ച് കല്ലെറിയപ്പെട്ടു |
| ഓർമ്മദിനങ്ങൾ | - പൗരസ്ത്യ: ഒക്ടോബർ 9, പശ്ചാത്യ : മെയ് 3 |

***സന്ദേശം***

പേരും പെരുമയും പ്രതീക്ഷിക്കാതെ പ്രവർത്തിച്ച് പേരില്ലാത്തവരുടെ പേരുകാരനായി മാറിയ ചെറിയ യാക്കോബ് നമുക്ക് എളിമയുടെ മാതൃകയാണ് തരുന്നത്. എല്ലാ സഭകൾക്കും മാതൃസഭയായ ജറുസലേം സഭയുടെ ഇടയനും ആദ്യസൂനഹദോസിന്റെ അദ്ധ്യക്ഷനുമായിരുന്നിട്ടും നിസ്വാർത്ഥ സമർപ്പണം വഴി അധികം അറിയപ്പെടാത്തവനായി മരിച്ച ആ മഹൽ ജീവിതം നമ്മളും മാതൃകയാക്കണം.

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം

## പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ പേൾജു ബി. ചുങ്കത്ത് സ്വാഗതം പറഞ്ഞു.
2. സെപ്തംബർ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. സ്ഥാപിത തിരുകർമ്മങ്ങൾക്ക് ഒരുലക്ഷം രൂപ ഫിക്സഡ് ഡെപ്പോസിറ്റായി ബാങ്കിൽ നിക്ഷേപിക്കുന്നതിന് തീരുമാനിച്ചു.
4. ടച്ച് മീ പാരിഷ് ബുള്ളറ്റിന് അതിരൂപതയിൽ ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള മൂന്നാം സ്ഥാനം, തുടർച്ചയായി മൂന്നാം വർഷവും ലഭിച്ചതായി സെക്രട്ടറി അറിയിച്ചു.
5. കൈക്കാരൻ കെ.ജി. ബാബു നന്ദി പറഞ്ഞു.

# കുടുംബങ്ങളിൽ സംഭവിക്കാൻ പാടില്ലാത്തത്



പി.എ. ലില്ലി

ഈ അടുത്ത കാലത്ത് കാക്കനാട്ട് ഒരു ഒരു ഫ്ളാറ്റിൽ നിന്നും അമ്മ നവജാതശിശുവിനെ എറിഞ്ഞുകൊന്ന വാർത്ത നടുക്കത്തോടെയാണ് നമ്മൾ കണ്ടത്. നമ്മൾ നടുങ്ങിയത് ഒപ്പം താമസിച്ചിരുന്ന മാതാപിതാക്കൾ ഈ വിവരം അറിഞ്ഞില്ലെന്ന വസ്തുത കേട്ടപ്പോഴായിരുന്നു.

സമാനമായ സംഭവം കഴിഞ്ഞ ദിവസവും ഉണ്ടായി. അവിടെയും കാര്യങ്ങൾ അതുപോലെതന്നെ. മാതാപിതാക്കൾ അറിഞ്ഞിട്ടില്ല.

ഒരു വീട്ടിൽ താമസിക്കുന്നവർ എങ്ങനെ ഇത്രയും അകലെയായി എന്ന വസ്തുതയാണ് നമ്മൾ അന്വേഷിക്കേണ്ടത്. കൂടെയുള്ള മക്കൾ ഗർഭിണിയായതും പൂർണ്ണവളർച്ചയെത്തിയ കുഞ്ഞിനെ വീട്ടിൽതന്നെ പ്രസവിച്ചതും റോഡിലേക്ക് വലിച്ചെറിഞ്ഞതും അച്ഛനമ്മമാർ അറിയാതിരുന്നത് എങ്ങനെയെന്ന് ആലോചിച്ച് നമ്മളിൽ എത്രപേർ തലപുകച്ചു.

രണ്ടാമത്തെ സംഭവത്തിൽ 24 മണിക്കൂറിനുശേഷമാണ് കുഞ്ഞിനെ ആൺസുഹൃത്തിനെ ഏല്പിക്കുന്നത്. ഏറെ പരിചരണം ആവശ്യമായ ആ മണിക്കൂറുകൾ ടെറസ്സിലും സൺഷേഡിലുമായി കുഞ്ഞിനെ സൂക്ഷിച്ചുവെന്നാണ് അമ്മ തന്നെ പറഞ്ഞത്. ജനിച്ചയുടനെ കുഞ്ഞ് കരഞ്ഞുവെന്നും ആൺസുഹൃത്തിന് വീഡിയോകോളിൽ കാണിച്ചുകൊടുത്തുവെന്നും പറയുന്നുണ്ട്.

ആരെയാണ് പഴിചാരേണ്ടത്? മാതാപിതാക്കളെയോ, അതോ മക്കളേയോ? ആവശ്യത്തിലധികം വിദ്യാഭ്യാസവും സുഖസൗകര്യങ്ങളും നല്കി മക്കളെ വളർത്തുന്ന മാതാപിതാക്കളിൽ ചിലരെങ്കിലും അവരുടെ സുഖവിവരങ്ങൾ തിരക്കാൻ മറന്നുപോകുന്നുവെന്നത് സത്യമാണ്. വേണ്ടതും വേണ്ടാത്തതും എല്ലാം നടക്കുമ്പോൾ അവർ പോകുന്ന വഴികൾ നല്ലതോ ചീത്തയോ എന്ന് അന്വേഷിക്കേണ്ട ചുമതല കൂടി അച്ഛനമ്മമാർക്കാണ്.

പക്ഷേ, പല വീടുകളിലും അച്ഛനമ്മമാർ എ.ടി.എം. കാർഡുകൾ മാത്രമായിപ്പോകുന്നു എന്ന സത്യം നമ്മൾ മറന്നുപോകരുത്. മക്കൾക്ക് നല്ലതും, ചീത്തയും തിരിച്ചറിയാൻ, പറഞ്ഞുകൊടുക്കാൻ പല മാതാപിതാക്കൾക്കും സമയമില്ല. അവരോട് വിശേഷങ്ങൾ തിരി

ക്കാൻ, അവരെ അഭിനന്ദിക്കാൻ ഒന്നും മെനക്കെടാത്ത അച്ഛനമ്മമാരുണ്ട്. അവരുടെ സന്തോഷം പങ്കുവെക്കാൻ സങ്കടങ്ങളിൽ ചേർത്തുപിടിക്കാൻ അച്ഛനമ്മമാരല്ലാതെ മറ്റാരാണ് അവർക്കുള്ളത്.

സാന്ദർഭീകമായി ഒരു സംഭവം പറയട്ടെ. സുന്ദരിയായ ഒരു യുവഡോക്ടർ ഒരു ചെറുപ്പക്കാരന്റെ കൂടെ ഒളിച്ചോടി. വീട്ടുകാരുടെ പരാതി കിട്ടിയ പോലീസ് രണ്ടാളേയും പിടിച്ചു. ന്യൂജെൻ വേഷവും തലമുടിയും ഒക്കെയുള്ള ഒരു ഫ്രീക്കനായിരുന്നു അവൻ. സ്റ്റേഷനിൽ കൊണ്ടുവന്നപ്പോൾ അവിടുത്തെ ഉയർന്ന പോലീസുകാരൻ പെൺകുട്ടിയോട് വളരെ ആത്മാർത്ഥമായി ചോദിച്ചു. മോളേ, എങ്ങനെ ഇങ്ങനെ ഒരുത്തന്റെ വലയിൽ കുടുങ്ങി? എന്ന്. വളരെ നിഷ്കളങ്കമായി ആ കുട്ടി പറഞ്ഞു, അവനാണ് എന്നെ ആദ്യമായി ഉമ്മവെച്ചത് എന്ന്. മുതിർന്നതിനുശേഷം ആദ്യമായി ഉമ്മവെച്ച ആളെ അവൾ സ്നേഹിച്ചു, അത്രമാത്രം.

ഓരോ അപ്പനും അമ്മയും ചിന്തിക്കേണ്ട കാര്യമാണ് ഇത്. മക്കളോട് സ്നേഹം പ്രകടിപ്പിക്കാൻ നിങ്ങൾ ശ്രമിക്കാറുണ്ടോ? വലുതായതിന് ശേഷം മക്കളെ കെട്ടിപ്പിടിക്കാനോ, ഉമ്മവെക്കാനോ മടിക്കുന്നവരല്ലേ മിക്ക മാതാപിതാക്കളും.

ചിലപ്പോഴെങ്കിലും കുട്ടികൾ അത് അർഹിക്കുന്നുണ്ട്. സ്നേഹം മനസ്സിൽ മാത്രം സൂക്ഷിക്കാൻ ഉള്ളതല്ല. അത് പിശുക്കന്റെ നാണയം പോലെ ഒളിച്ചുവെക്കരുതെന്ന് പ്രശസ്ത എഴുത്തുകാരി മാധവിക്കുട്ടി പറഞ്ഞിട്ടുണ്ട്.

തോളിൽ തട്ടി ഒരു ആശ്വാസവാക്ക്, കെട്ടിപ്പിടിച്ച് ഒരു അഭിനന്ദനം - ഇതൊക്കെ ആഗ്രഹിക്കുന്ന സമയത്ത് വീട്ടിൽ നിന്ന് കിട്ടിയില്ലെങ്കിൽ കിട്ടുന്നിടത്ത് പോകാൻ ചില കുട്ടികളെങ്കിലും നിർബന്ധിതർ ആകുന്നു എന്നത് ഞെട്ടിക്കുന്ന ഒരു സത്യം മാത്രമാണ്.

മാതാപിതാക്കൾ മാത്രമല്ല, മക്കളും ഒരുപോലെ ഉത്തരവാദികളാണ്. ഇത്തരം സന്ദർഭങ്ങളിൽ മിക്കവാറും മക്കൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. പെൺകുട്ടികൾ ഉന്നത വിദ്യാഭ്യാസം നേടിയവരായിരിക്കും. നമ്മുടെ ഒരു നാടൻ പ്രയോഗം ഉണ്ടല്ലോ. 'വിദ്യാഭ്യാസം ഉണ്ടെങ്കിലും വിവരമില്ല' എന്ന്. ഇവരുടെ കാര്യത്തിലും അത് സത്യമാണെന്ന് കരുതണം. അവർ ജീവിക്കാൻ പഠിക്കുന്നില്ല. കോളേജുകളിൽ നിന്ന് പുറത്തുവരുമ്പോൾ അവർ യഥാർത്ഥ ജീവിതത്തിൽ പരാജയപ്പെട്ടുപോകുന്നു.

അറിവ് നേടുമ്പോഴും തിരിച്ചറിവില്ലാതെ പോകുന്നതിന്റെ ദുരന്തഫലമാണിത്. ജീവിതത്തിൽ മുന്നിൽ അവർ പരീക്ഷകളിൽ നേടിയ വിജയങ്ങളൊക്കെയും വട്ടപൂജ്യമായിപോകുന്നു.

വിജയത്തെയും പരാജയത്തെയും ഒരുപോലെ നേരിടാൻ

നമ്മുടെ കുട്ടികൾക്ക് ഏറ്റവും ആദ്യം പരിശീലനം കിട്ടേണ്ടത് വീട്ടിൽനിന്നുതന്നെയാണ്. ആദ്യത്തെ പരിശീലകർ മാതാപിതാക്കളാണ്. വിജയത്തിൽ അഭിനന്ദിക്കുന്നതോടൊപ്പം തോൽവിയിൽ ചേർത്തുപിടിക്കേണ്ടതും അവർ തന്നെയാണ്. മക്കളുടെ എല്ലാ ഇഷ്ടവും നിറവേറ്റികൊടുക്കുമ്പോഴും, തെറ്റുകാണുമ്പോൾ ശാസിക്കുക. അരുത് എന്ന് പറയേണ്ടിടത്ത് അത് പറയുക. പലപ്പോഴും നമ്മുടെ മാതാപിതാക്കൾ മറന്നുപോകുന്ന കാര്യങ്ങളാണിത്.

ഏതുവലിയ പ്രതിസന്ധിയുണ്ടായാലും അപ്പനോട് അല്ലെങ്കിൽ അമ്മയോട് പറയാം, അവർ കൂടെയുണ്ട് എന്ന വിശ്വാസം മക്കളിൽ ഉണ്ടാക്കിയെടുക്കേണ്ടത് അച്ഛനമ്മമാർ തന്നെയാണ്.

ദൈവത്തിൽ അടിയുറച്ച വിശ്വാസത്തോടെ, ആശ്രയത്തോടെ മക്കളെ സ്നേഹിക്കുകയാണ് മാതാപിതാക്കൾ ചെയ്യേണ്ടത്. അതോടൊപ്പം മാറിയ ജീവിതസാഹചര്യങ്ങളെ നേരിടാൻ കൂദാശകളും വിശ്വാസപരിശീലനവും അവരെ കരുത്തരാക്കുന്നു. ഉന്നത പഠനത്തിനുവേണ്ടി ഇക്കാര്യങ്ങൾ മാറ്റിവെയ്ക്കുന്ന മാതാപിതാക്കൾ ഒന്നുമാറി ചിന്തിക്കേണ്ടതുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾ ജീവിതത്തിൽ പരാജയമാകരുത്, അവർ നമുക്ക് നഷ്ടപ്പെടരുത്. അവർ വിലപിടിച്ച നിധിയാണ്.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 24-11-2024 | 2.00 pm to 3.00 pm | സെന്റ് ജോസഫ് | മഠത്തിപ്പറമ്പിൽ റപ്പായി ആന്റോ (നെഹ്റു നഗർ, റോയൽ ദയ ഹോസ്പിറ്റലിന്സമീപം) |
| 24-11-2024 | 2.30 pm to 3.30 pm | മേരി മാതാ | വടക്കൂട്ട് ജോണി ഭാര്യ എലിസബത്ത് (വാട്ടർ സപ്ലൈ ഓഫീസിന് സമീപം, തൃശൂർ റോഡ്) |
| 24-11-2024 | 3.00 pm to 4.00 pm | സെന്റ് ജോർജ്ജ് | വാഴപ്പിള്ളി ജോർജ്ജ് ഷാജി (സീനിയർ ഗ്രൗണ്ടിന് സമീപം) |
| 24-11-2024 | 3.30 pm to 4.30 pm | സെന്റ് ആന്റണീസ് | ചുങ്കത്ത് ഔസേപ്പ് ജോൺസൺ (കക്കാട്) |
| 24-11-2024 | 4.00 pm to 5.00 pm | സെന്റ് തോമസ് | മുട്ടത്ത് തോമസ് സുരേഷ് (ബഥനി സ്കൂളിന്, പിറകുവശം, ചിറളയം) |
| 24-11-2024 | 4.30 pm to 5.30 pm | സെന്റ് സേവ്യർ *കുടുംബകൂട്ടായ്മ വാർഷികം* | കിഴക്കൂട്ട് ജോസഫ് സിജോ (മിഷൻ റോഡ്) |



# മരണം വരുമൊരുനാൾ

സിസ്റ്റർ ജെസ്റ്റിന CMC




മരണം - ഈ ഭൂമിയിൽ ജനിച്ച ഓരോ മനുഷ്യനും കടന്നു പോകേണ്ട സത്യമായ യാഥാർത്ഥ്യമാണ്. ഈ ലോകത്തിൽ സുഖമാണെങ്കിലും ദുഃഖമാണെങ്കിലും ദരിദ്രനാണെങ്കിലും സമ്പന്നനാണെങ്കിലും എല്ലാവരും അഭിമുഖീകരിക്കേണ്ട അവസ്ഥ. മരണമെന്ന് കേൾക്കുമ്പോൾ അറിയാതെ ഉള്ളിൽ ശൂന്യതയും സങ്കടവും നിറയുകയും ഭയത്തോടെ മരണസമയത്തെ അഭിമുഖീകരിക്കുകയും ചെയ്യുന്ന അനേകരുണ്ട്. എന്നാൽ വളരെ ശാന്തതയോടെ മരണത്തെ സ്വീകരിച്ചവരും ഉണ്ട്. വിശുദ്ധാത്മാക്കളുടെ മരണത്തെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ നമുക്ക് മനസ്സിലാക്കാം.

* **വിശുദ്ധ ഇഗ്നേഷ്യസ് ലയോള** - മരണത്തെക്കുറിച്ച് ഓർക്കുന്നത് വളരെ രസകരവും ഒപ്പം ആശ്വാസപ്രദവും ആയി തോന്നുന്നു. ഈ ജീവിതം ആകെ കണ്ണീരിൽ ഉരുകിത്തീരും പോലെ അനുഭവിക്കാൻ കഴിയുന്ന ആത്മീയ ശാന്തി.
* **അസീസിയിലെ വിശുദ്ധ ഫ്രാൻസീസ്** - മരണത്തെ സഹോദരി എന്ന് വിളിച്ച് സ്വാഗതം ചെയ്തു. എനിക്ക് എന്റെ ഈശോയെ പോലെ തന്നെ മരിക്കണം.
* **വിശുദ്ധ അന്തോണി** - ഞാനെന്റെ കർത്താവിനെ കാണുന്നു. കൂട്ടത്തിൽ പരിശുദ്ധ കന്യകാ മാതാവും ഫ്രാൻസീസ് പിതാവും ഉണ്ട്. പിന്നെ വലിയൊരു സ്വർഗ്ഗീയ സൈന്യവും വരുന്നു.
* **വിശുദ്ധ അൽഫോൻസാ** ഭാരക്കുറവുള്ള പക്ഷിക്ക് വളരെ വേഗത്തിൽ മുന്നോട്ട് പറക്കാൻ കഴിയുമല്ലോ. ചില പക്ഷികൾ പറന്നാൽ ചിറകടി ശബ്ദം പോലും കേൾക്കില്ല. ഞാൻ ഒരിക്കൽ അപ്രകാരം പറന്നുപോകും എന്റെ ബലി പൂർത്തിയാകുമ്പോൾ എന്നെ മുകളിൽനിന്ന് മാടി വിളിക്കും. അപ്പോൾ ഞാൻ ഓടി

പ്പോയി എന്റെ കർത്താവിന്റെ മടിയിൽ ചെന്നിരിക്കും. നിങ്ങ ളാരും അതറിയില്ല.

* **വിശുദ്ധ റീത്ത** - എനിക്ക് മരിക്കാൻ പേടിയില്ല. എന്താണ് മരണം എന്ന് എനിക്കറിയാം. ലോകത്തിനു നേരെ കണ്ണടയ്ക്കു കയും ദൈവത്തിന് നേരം കണ്ണുതുറക്കുകയും ചെയ്യുകയാണ ത്.
* **വിശുദ്ധ അഗസ്റ്റിൻ** - കർത്താവേ അങ്ങയെ ആസ്വദിക്കാനായി മരിക്കാൻ എന്നെ അനുവദിക്കുക.
* **വിശുദ്ധ കൊച്ചുത്രേസ്യ** - എന്റെ സഹോദരിമാരെ നിങ്ങൾ ഒരു കുഞ്ഞു പുണ്യവതിയെയാണ് ശുശ്രൂഷിക്കുന്നത് എന്ന് അറി ഞ്ഞുകൊള്ളുക. നല്ല ദൈവത്തിന്റെ കരങ്ങളിലേക്കാണ് ഞാൻ വീഴുന്നത്. ഞാൻ മരിക്കുകയില്ല ആയുസ്സിലേക്ക് പ്രവേശിക്കുക യാണ്.
* **വിശുദ്ധ എലിസബത്ത്** - രണ്ടുദിവസത്തിനകം ഞാനെന്റെ ത്രിത്വത്തിന്റെ ഹൃദയത്തിൽ ആയിരിക്കും. അമല മനോഹ രിയും സൂര്യചന്ദ്രന്മാരെ വെല്ലുന്ന ശോഭയുള്ളവളുമായ ദൈവ ജനനി എന്നെ കൈയ്ക്കുപിടിച്ച് സ്വർഗ്ഗത്തിലേക്ക് ആനയിക്കും.
* **വിശുദ്ധ ഫ്രാൻസിസ് റേജിസ്** - എന്തൊരു സൗഭാഗ്യം എത്ര സംതൃപ്തിയോടെയാണ് ഞാൻ മരിക്കുന്നത്. സൗഭാഗ്യനികേത ത്തിലേക്ക് എന്നെ ആനിയിക്കാൻ ഈശോയും മറിയവും വരു ന്നത് ഞാൻ കാണുന്നു.
* **വിശുദ്ധ മാർട്ടിൻ** - ഭൂമിയിലേക്ക് നോക്കാതെ സ്വർഗ്ഗത്തിലേക്ക് നോക്കാൻ എന്നെ അനുവദിക്കുക ആത്മാവ് എന്റെ കർത്താ വിന്റെ പക്കലേക്ക് പറന്നുകൊള്ളട്ടെ.
* ക്രിസ്താനുകരണം പറയുന്നു. മരിക്കുന്നതിന് മുൻപ് ലോക ത്തിനു മരിക്കുന്ന ഒരു ക്രിസ്ത്യാനി എത്രയോ ഭാഗ്യവാനാണ്. മരിക്കുമ്പോൾ നാം വേർപിരിയേണ്ടവയോട് നേരത്തെ തന്നെ വിടപറയുക. എത്രയോ ഉത്തമം. ദൈവമൊഴികെ ഈ ലോക ത്തിൽ മറ്റെന്ത് നഷ്ടപ്പെട്ടാലും നാം ദുഃഖിക്കേണ്ടതില്ല.

ഈ ലോകം ഒരു പ്രവാസമാണെന്നും നിലനിൽക്കുന്നത് സ്വർഗ്ഗരാജ്യം ആണെന്നുള്ള ആഴമായ ചിന്ത വിശുദ്ധാത്മാക്കൾക്ക് ഉണ്ടായിരുന്നു. നിന്റെ നിക്ഷേപം എവിടെയോ നിന്റെ ഹൃദയം അവിടെ ആയിരിക്കുമെന്ന് വചനത്തെ ഓർത്തുകൊണ്ട് സുകൃത ങ്ങളും പുണ്യങ്ങളും അഭ്യസിച്ച് നമുക്ക് സ്വർഗ്ഗത്തിലേക്ക് നിക്ഷേപ ങ്ങൾ കരുതിവെക്കാം.





# നന്ദി

സ്നേഹമുള്ള ഇടവകാംഗങ്ങളെ നമ്മുടെ ഇടവകയുടെ ബഹുമാനപ്പെട്ട വികാരി ദാവീദ് വിതയത്തിൽ അച്ചന്റെ കാലഘട്ടത്തിൽ 2024 സെപ്തംബർ മാസത്തിൽ ഞങ്ങൾ കൈക്കാരന്മാരായി നിയമിതരായി. ആ ചുരുങ്ങിയ കാലയളവിൽ ഞങ്ങളെ നയിച്ച ദാവീദച്ചന് ആദ്യമായി നന്ദി അർപ്പിക്കുന്നു.

ഒക്ടോബർ മാസത്തിൽ കൊന്തസമാപനം വളരെ ഭംഗിയായി നടത്തുവാൻ സഹകരിച്ച എല്ലാ സംഘടനകൾക്കും ഇടവക അംഗങ്ങൾക്കും പ്രത്യേകം നന്ദി. ഡിസംബർ ക്രിസ്തുമസ് പുൽക്കൂട് വളരെ ഭംഗിയായി നിർമ്മിച്ച സിഎൽസി അംഗങ്ങൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ! പിറവിത്തിരുന്നാൾ ഏറെ മനോഹരമാക്കിയതിന് അഭിമാനിക്കുന്നു.

ജനുവരിയിലെ ഇടവകതിരുനാൾ ദാവീദ് അച്ചന്റെ നേതൃത്വത്തിൽ ഗംഭീരമായി ആഘോഷിച്ചു. തുടർന്നുള്ള ഗാനമേളയും ഇടവക അംഗങ്ങൾക്ക് ഉണർവ്വേകി. 2024 ഫെബ്രുവരി മാസത്തിൽ വികാരി ബഹു. ഫാ. ഡെയ്സൺ മുണ്ടോപ്പുറം നിയമിതനായി. അതിനുശേഷം ഇടവകയുടെ എല്ലാ പ്രവർത്തനങ്ങൾക്കും കൂട്ടായ്മയും, ആത്മീയതയും കൈവന്നു. കൂടാതെ ഇടവകയിലെ ഓരോ അംഗങ്ങളുടേയും ജന്മദിന ദിവസം കുർബാനക്കുശേഷം അച്ചന്റെ ആശീർവാദവും, സമ്മാനവും (കൊന്ത) പുതിയ ഒരു അനുഭവമായി. മാർച്ച് മാസത്തിൽ പരീക്ഷക്ക് തയ്യാറെടുക്കുന്ന ഇടവകയിലെ എല്ലാ മക്കൾക്കും അച്ചൻ പ്രത്യേക പ്രാർത്ഥന നടത്തി. വലിയ നോമ്പാചരണത്തോടനുബന്ധിച്ചുള്ള ഓശാന ഞായർ തിരുകർമ്മങ്ങളും, പെസഹാവ്യാഴം, ദുഃഖവെള്ളിയിലെ കുരിശിന്റെ വഴിയും ഏറെ ഭക്തി നിർഭരമായി. ഈസ്റ്ററിന്റെ നോമ്പുവീടൽ വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചു. മെയ് മാസത്തിലെ വണക്കമാസാചരണവും, വണക്കമാസം കാലംകൂടലും, നേർച്ചയും പുതിയൊരനുഭവമായി. വി. സെബസ്ത്യാനോസ് പുണ്യവാന്റെ ഒൻപതാംവെള്ളി ആചരണവും, നേർച്ചഊട്ടും ഇടവകക്ക് വിശ്വാസത്തിന്റെ തീവ്രത വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ജൂൺ മാസത്തിലെ കുഞ്ഞുങ്ങളുടെ പ്രവേശനോത്സവവും എഴുത്തിനിരുത്തും ഭംഗിയായി. അന്തോണീസ് പുണ്യവാന്റെ പുതിയരൂപം കപ്പേളയിൽ പ്രതിഷ്ഠിക്കുകയും, പുണ്യാളന്റെ തിരുശേഷിപ്പ് സ്ഥാപിക്കുകയും ചെയ്തുകൊണ്ടുള്ള തിരുനാൾ അതിഗംഭീരമായി നടത്തുവാൻ സാധിച്ചതിൽ വികാരിക്കും, ഇടവക അംഗ

ങ്ങൾക്കുമുള്ള നന്ദി അറിയിക്കട്ടെ. ജൂലൈ മാസത്തിൽ സെന്റ് തോമസ് ഡേ ഈ വർഷവും മനോഹരമായി. ആഗസ്റ്റ് മാസത്തിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ആയുർവേദം, ഹോമിയോ മെഡിക്കൽ ക്യാമ്പ് നടത്തി. ആഗസ്റ്റ് മാസത്തിൽ മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യ ദിനാചരണവും നടത്തി. യൂത്ത് സിഎൽസി കുടുംബസംഗമം, മെറിറ്റ് ഡേ എന്നിവയോടനുബന്ധിച്ച് സിനി ആർട്ടിസ്റ്റ് വിൻസി അലോഷ്യസ് ഉദ്ഘാടനം ചെയ്ത് വിപുലമായ രീതിയിൽ നടത്തപ്പെടുകയും കലാ പ്രതിഭകൾക്ക് സമ്മാനദാനവും, തുടർന്ന് സ്നേഹവിരുന്നും നടത്തുകയുണ്ടായി. സെപ്തംബർ ഒന്നു മുതൽ 8 വരെയുള്ള നവനാൾ കുർബാനകളും മാതാവിന്റെ തിരുനാൾ സെന്റ് മേരീസ് കപ്പേളയിൽ നല്ല രീതിയിൽ നടത്താൻ സാധിച്ചതിൽ നന്ദി അറിയിക്കട്ടെ. ഓണത്തോടനുബന്ധിച്ച് വിവിധതരം കലാപരിപാടികളും മത്സരങ്ങളും നടത്തി ഇടവകക്ക് പുത്തൻ ചൈതന്യം കൈവന്നു. കെ.സി.വൈ.എം.ന്റെ പായസ വിൽപ്പനയും സി.എൽ.സി.യുടെ വക ചിപ്സ് വിൽപ്പനയും സംഘടനയുടെ പ്രവർത്തനത്തിന് മുതൽ കൂട്ടായതിൽ കൈക്കാരന്മാർ എന്ന നിലയിൽ ഞങ്ങൾ അഭിമാനിക്കുന്നു. നേഴ്സറി മുതൽ എ.സി.സി. വരെയുള്ള വിശ്വാസപരിശീലനം ഇടവകയുടെ അഭിമാനമായി നിലകൊള്ളുന്നു.

ടച്ച്-മീ, പാരിഷ് ബുള്ളറ്റിൻ രൂപതാ തലത്തിൽ എടുത്തുപറയത്തക്കരീതിയിൽ സമ്മാനങ്ങൾ നേടി കൊണ്ടുപ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവർക്കുള്ള പ്രത്യേക നന്ദി അറിയിക്കട്ടെ.

നമ്മുടെ പള്ളി അതിമനോഹരമായി ഒരുക്കുന്ന അലങ്കാര കമ്മിറ്റിയേയും, തിരുകർമ്മങ്ങളിൽ ആത്മീയതോടെ പങ്കുകൊള്ളുന്ന അൾത്താര ബാലന്മാരേയും, മനോഹരമായി തിരുകർമ്മത്തെ പാടിപുകഴ്ത്തുന്ന ഗായക സംഘത്തേയും, തിരുകർമ്മങ്ങൾക്കായി ദേവാലയത്തെ ഒരുക്കികൊണ്ടിരിക്കുന്ന ദേവാലയ ശുശ്രൂഷിയേയും ഏറെ നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ ഇടവകയുടെ ആത്മീയ കാര്യങ്ങളിൽ മുന്നിൽനിന്ന് പ്രവർത്തിച്ചുവരുന്ന ബഹുമാനപ്പെട്ട മദറിനേയും സിസ്റ്റേഴ്സിനേയും ഏറെ സ്നേഹത്തോടെ നന്ദി അറിയിക്കുന്നു.

ഈ കാലയളവിൽ നമ്മളിൽനിന്ന് മൺമറഞ്ഞുപോയ ഇടവക അംഗങ്ങളുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ പ്രവർത്തന കാലഘട്ടത്തിൽ കാർപാർക്കിംഗ് ഗേറ്റ് പുതിയത് സ്ഥാപിക്കുന്നതിനും, വൈദിക മന്ദിരം പെയ്ന്റിംഗ് വർക്ക് നടത്തുന്നതിനും, സി.സി.ടി.വി. നവീകരിക്കുന്നതിനും, ജനറേറ്റർ റൂം നവീകരിക്കുന്നതിനും, സങ്കീർത്തി ഫ്ളോർ പുനർനിർമ്മാണം നടത്തുന്നതിനും, യേശുവിന്റെ മുൻകാല നഗരികാണിക്കൽ രൂപം

സെമിത്തേരിയിൽ പ്രതിഷ്ഠിക്കുന്നതിനും നേതൃത്വം കൊടുക്കാൻ സാധിച്ചു. ഇത്രയും കാര്യങ്ങൾ ചെയ്തു തീർക്കാൻ സാധിച്ചതിൽ സർവ്വേശ്വരനോട് നന്ദി പറയുന്നു.

ഇടവകയിൽ പ്രവർത്തിക്കുന്ന എല്ലാ ഭക്തസംഘടനകളോടും പ്രതിനിധിയോഗാംഗങ്ങൾ, പള്ളി സെക്രട്ടറി, കണക്കെഴുത്തുകാർ, ഓഡിറ്റർ, ഇടവക പി.ആർ.ഒ. എന്നിവരോടും, കൈക്കാരന്മാർ എന്ന നിലയിൽ സ്നേഹത്തോടെ ഞങ്ങൾ നന്ദി പറയുന്നു. അച്ചനോടൊപ്പമുള്ള വാഗമൺ യാത്ര ഞങ്ങളുടെ ജീവിതത്തിൽ മറക്കാനാവാത്ത അനുഭൂതിയായിരുന്നു.

നമ്മുടെ ഇടവക വികാരി ഫാ. ഡെയ്സനച്ചന്റെ പ്രവർത്തനങ്ങളിൽ കൂട്ടായിനിൽക്കാൻ സാധിച്ചതിൽ ദൈവത്തോട് നന്ദി പറയുന്നു,

ഇടവകയുടെ പ്രവർത്തനം ഐക്യത്തോടും, ആത്മീയതയോടും നടത്തികൊണ്ടുപോകുന്ന പ്രിയ വികാരി ഫാ. ഡെയ്സൺ മുണ്ടോപുറത്തിന് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അർപ്പിക്കുന്നു.

ഇടവകക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകളും, സമിതികളും, അവരുടെ പ്രവർത്തനങ്ങളും, നന്ദിയോടെ ഓർക്കുന്നു.

എല്ലാവർക്കും ഒരിക്കൽകൂടി നന്ദി, നന്ദി, നന്ദി

എന്ന്
കൈക്കാരന്മാരായിരുന്ന
**എം.എൽ. മാണി, ജോപോൾ ആലപ്പാട്ട്, പോയ്സ് ജേബി**




**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്**

## *സെന്റ് സേവ്യർ കുടുംബകൂട്ടായ്മ വാർഷികം*

**2024 നവംബർ 24 ഞായർ വൈകീട്ട് 5 മണിക്ക്**
**കിഴക്കൂട്ട് ജോസഫ് സിജോയുടെ ഭവനത്തിൽ**
**(മിഷൻ റോഡ്)**

ഉദ്ഘാടനം : **റവ. ഫാ. ഡെയ്സൻ മുണ്ടോപുറം** (ഇടവക വികാരി)

***കലാപരിപാടികൾ*** | ***സമ്മാനദാനം*** | ***സ്നേഹവിരുന്ന്***

| പ്രസിഡണ്ട് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| **എം.എൽ. സുനിൽ** | **സാന്ദ്ര എം. സുനിൽ** | **തോംസൺ തച്ചിൽ** |

## സംഘടനാ വാർത്തകൾ

**ജൂനിയർ സി.എൽ.സി.**

* ഒക്ടോബർ 1 ചൊവ്വാഴ്ച വൈകീട്ട് 5.30ന് പതാകവന്ദനവും വി. കൊച്ചുത്രേസ്യയുടെ ലദീഞ്ഞും, നൊവേനയും നടത്തപ്പെട്ടു.

**തിരുബാലസഖ്യം**

* ഒക്ടോബർ 4 വെള്ളിയാഴ്ച വൈകീട്ട് 5.30ന് പാപ്പദിനം പതാകവന്ദനം, പുഷ്പാർച്ചന, ലദീഞ്ഞ്, നൊവേന എന്നിവയ്ക്ക് നേതൃത്വം നൽകി.

**കത്തോലിക്കാ കോൺഗ്രസ്സ്**

* കുടുംബകൂട്ടായ്മകൾക്കുള്ള ബൈബിൾ ക്വിസ് മത്സരം ഒക്ടോബർ 6 ഞായറാഴ്ച 3 മണിക്ക് നടത്തി.

**ഗായകസംഘം**

* ഒക്ടോബർ 13 ഞായറാഴ്ച രാവിലെ 10.30ന് മരിയൻ ഗാനാലാപന മത്സരത്തിന് നേതൃത്വം നൽകി.

**പ്രാർത്ഥനാഗ്രൂപ്പ്**

* ഒൻപതാം വെള്ളിയാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 18ന് രാവിലെ 8.30ന് ഒൻപത് മണിക്കൂർ ആരാധന, അഖണ്ഡജപമാല, കുമ്പസാരം എന്നിവയ്ക്ക് നേതൃത്വം നൽകി.

**ആത്മായ പ്രേഷിത സമിതി**

* ഒക്ടോബർ 18ന് വൈകീട്ട് 5.30ന് വി. സെബസ്ത്യാനോസിന്റെ ലദീഞ്ഞ്, നൊവേന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നിവയ്ക്ക് നേതൃത്വം നൽകി. കൂടാതെ അന്നേദിനം കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, ആഘോഷമായ വി. കുർബാന, സ്നേഹോപകാര സമർപ്പണം, തിരു ആട സമർപ്പണം, നേർച്ച ഊട്ട് എന്നിവയും നടത്തി.


**കെ.എൽ.എം.**

* ഒക്ടോബർ 27 ഞായറാഴ്ച വൈകീട്ട് 4 മണിക്ക് ഇടവക ജപമാല റാലിയ്ക്ക് നേതൃത്വം നൽകി

**റോസ്മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി**

* ജപമാല രാജ്ഞി തിരുനാളും റോസ മിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി ദിനവുമായ ഒക്ടോബർ 31ന് കാഴ്ചസമർപ്പണം, തിരുനാൾ കുർബാന, കാരുണ്യ സമർപ്പണം, ആദരണീയം, നേർച്ച പായസവിതരണം, വർണ്ണ മഴ എന്നിവയ്ക്ക് നേതൃത്വം നൽകി.

## ഞാൻ യാത്രയായ്



**ആലുക്കൽ പത്രോസ് അഗസ്റ്റിൻ** (92 വയസ്സ്)

01 – 10 – 2024

(സെന്റ് തോമസ് കുടുംബകൂട്ടായ്മ)

# ഇടവക ആൽബം

ഒക്ടോബർ 2024

അമ്മ കാരുണ്യ വിരുന്ന്



യുവജന വർഷ യുവജന കാരുണ്യ സ്പർശ്



ഇടവക തിരുന്നാൾ മഹോത്സവം : കമ്മിറ്റി ഓഫീസ് ഉദ്ഘാടനം



ധന്യൻ ജോൺ അഗസ്റ്റിനച്ചന്റെ കബറിടത്തിലേക്ക് പദയാത്ര




യുവജന വർഷ യുവജന കുമ്പസാരം & വി. കുർബാന



കുട്ടി കൂട്ടായ്മ കൊന്ത നിർമ്മാണം & ബാനർ പ്രസന്റേഷൻ




കുടുംബ കൂട്ടായ്മ തല ജപമാല സമർപ്പണം : മരിയോത്സവം



ഇടവക തല ജപമാല സമർപ്പണം : മരിയോത്സവം



വയോജന ദിനം



© MEDIA CELL KKM

## മിഴിവിളക്ക്

# മാർപാപ്പമാർ

**17-ാം നൂറ്റാണ്ട്**

233. ലെയോ XI (1605-1605)
234. പോൾ V (1605-1605)
235. ഗ്രിഗറി XV (1621-1623)
236. ഉർബൻ VIII (1623-1644)
237. ഇന്നസെന്റ് X (1644-1655)
238. അലക്സാണ്ടർ VII (1655-1667)
239. ക്ലമന്റ് IX (1667-1669)
240. ക്ലമന്റ് X (1670-1676)
241. ഇന്നസെന്റ് XI (1676-1689)
242. അലക്സാണ്ടർ VIII (1689-1691)
243. ഇന്നസെന്റ് XII (1691-1700)

**18-ാം നൂറ്റാണ്ട്**

244. ക്ലമന്റ് XII (1700-1721)
245. ഇന്നസെന്റ് XIII (1721-1724)
246. ബനഡിക്ട് XIII (1724-1730)
247. ക്ലമന്റ് XII (1730-1740)
248. ബനഡിക്ട് XIV (1740-1758)
249. ക്ലമന്റ് XIII (1758-1769)
250. ക്ലമന്റ് XIV (1769-1774)
251. പീയൂസ് VI (1775-1799)

**19-ാം നൂറ്റാണ്ട്**

252. പീയൂസ് VII (1800-1823)
253. ലെയോ XII (1823-1829)
254. പീയൂസ് IX (1829-1830)
255. ഗ്രിഗറി XVI (1831-1846)
256. പീയൂസ് IX (1846-1878)
257. ലെയോ XIII (1878-1903)

**20-ാം നൂറ്റാണ്ട്**

258. വി. പീയൂസ് X (1903-1914)
259. ബനഡിക്ട് XV (1914-1922)
260. പീയൂസ് XI (1922-1939)
261. പീയൂസ് XII (1939-1958)
262. ജോൺ XXIII (1958-1963)
263. പോൾ VI (1963-1978)
264. ജോൺപോൾ I (1978-1978)
265. വി. ജോൺപോൾ II (1978 - 2005)

**21-ാം നൂറ്റാണ്ട്**

266. ബെനഡിക്ട് XVI (2005-2013)
267. ഫ്രാൻസിസ് (2013- )

***വിചിന്തനം :*** ട്രെൻഡുകൾക്കൊപ്പം നീങ്ങിയാൽ പുരോഹിതൻ ഒഴുക്കിൽ ഒരു തുള്ളിയായി അലിഞ്ഞുപോകുമെന്നുറപ്പ്. പുതിയ ട്രെൻഡുകൾ സൃഷ്ടിക്കാൻ കഴിഞ്ഞാൽ ഒഴിക്കിൽപ്പെട്ടലിയാതെ പൗരോഹിത്യം കാത്തുസൂക്ഷിക്കാനാകും.

മിഴികൾ തെളിയട്ടെ.... ദൈവവിളി ഉണരട്ടെ...

തയ്യാറാക്കിയത്
ഭക്തസംഘടന ഏകോപനസമിതി, കുന്നംകുളം


10th
Happy Birthday
02-11-2024
Abina C.S.
D/o. SIBI & SIMI
Chungath House
Chiralayam
Kunnamkulam
Best Compliments From
ABIN, NAYANA, APPAPPA, AMMAMMA


Seby
Mini
Blessed to have found someone
comfortable, sharing life....
Happy
32nd
Anniversary
15-11-2024


8th
Wedding
Anniversary
20-11-2024
Jijoy
Anjana
Wishes From
Appachan, Ammachi, Vava & Praveen


30th
HAPPY
Anniversary
20-11-2024
Varghese Sunny &
Sheena Varghese
Kannanaikkal House
Nehru Nagar, Kunnamkulam
Best Compliments
Abee, Aiswarya & Jorden Abee, Alwin, Annmariya & Gabriella Mystica, Avin



# രക്തസാക്ഷി ദേവസഹായംപിള്ളയുടെ ജീവചരിത്രം

കുഞ്ഞുണ്ണി ജോവാക്കിം

തെക്കൻ തിരുവിതാംകൂറിൽ കോട്ടാറിൽ പ്രസിദ്ധമായ സെന്റ് സേവിയർ ദേവാലയത്തിന്റെ സെമിത്തേരിയിലാണ് വിശുദ്ധ ദേവസഹായം പിള്ളയെ അടക്കം ചെയ്തത്. അതിന്മേൽ ഒരു വലിയ കുരിശ് വെച്ചിരുന്നു. ഇന്ന് അതിന് നൂറ്റാണ്ടുകൾക്കപ്പുറം പഴക്കം ഉണ്ട്. നാട്ടാലം ഗ്രാമത്തിൽ മരുതുകുളങ്ങര പുരാതനമായ നായർ തറവാട് നാലുകെട്ടും പടിപ്പുരയും നടുമുറ്റത്ത് ദേവീക്ഷേത്രകുളവും എല്ലാം നിറഞ്ഞ മനോഹരമായ തറവാട്. ആയിരുന്നു, ദേവസഹായംപിള്ളയുടെ ആ തറവാട് ഇന്ന് ആകെ തകർന്നുപോയി. വാസുദേവൻ നമ്പൂതിരിയുടെ ഭാര്യ ദേവകി അമ്മയും, ഒരു കാരണവരും, അവിടെ കഴിഞ്ഞുകൊണ്ടിരിക്കെ വാസുദേവൻ നമ്പൂതിരിക്കും ദേവകി അമ്മക്കും ഒരു ആൺകുഞ്ഞ് ജനിച്ചു. കാരണവർ കുഞ്ഞിന് നീലകണ്ഠൻ എന്ന് പേര് വിളിച്ചു. ചെറുപ്പത്തിൽ തന്നെ വിദ്യാഭ്യാസവും കായികാഭ്യാസവും പഠിപ്പിച്ചു. നാട്ടിൽ കേമനായി. കുടുംബത്തിന്റെ കാര്യങ്ങൾ നോക്കാനും മിടുക്കനായി. അവന് പ്രായമായി.



കാരണവർ അവനെ വിവാഹം കഴിപ്പിക്കാൻ തീരുമാനിച്ചു. താമസിയാതെതന്നെ ഭാർഗവി എന്നൊരു പെണ്ണിനെ വിവാഹം കഴിപ്പിച്ചു. ഭാര്യയുമൊത്ത് അവർ ജീവിതം ആരംഭിച്ചു. നാളുകൾ പലതും കഴിഞ്ഞു അപ്പോഴാണ് അവന് ഒരു കത്ത് ലഭിക്കുന്നത്. അവനത് പൊട്ടിച്ച് വായിച്ചു. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആയിരുന്നു. അവൻ ഞെട്ടിപ്പോയി. ഉടനെ കൊട്ടാരത്തിൽ എത്തണം. അവൻ ആലോചിച്ചു. മഹാരാജവല്ലേ പറഞ്ഞിരിക്കുന്നത്. പോകാതിരിക്കാൻ പറ്റുമോ. ഭാര്യയോട് പറഞ്ഞ് കൊട്ടാരത്തിൽ ഉടനെ എത്തണം. അവൻ കൊട്ടാരത്തിൽ എത്തി.

അവനെ കണ്ടപ്പോൾ രാജാവിന് സന്തോഷമായി. രാജാവ് ഒന്നുരണ്ടുകാര്യങ്ങൾ അവനോട് ചോദിച്ചു. കായികാഭ്യാസത്തെക്കുറിച്ചായിരുന്നു. മറുപടി കേട്ടപ്പോൾ രാജാവിന് വളരെ ഇഷ്ടപ്പെട്ടു.എന്തും ചെയ്യാൻ കരുത്തുള്ളവനാണെന്ന് രാജാവിന് ബോധ്യപ്പെട്ടു. സർവ്വാധികാരം കൊടുത്തു. അവനൊരു ദിവസം രണ്ടാം നിലയിൽ ചെന്നു. ഒരു മുറിയിൽ രഹസ്യയോഗം നടക്കുന്നത് കണ്ടു. രാജാവും മന്ത്രിമാരും ഉദ്യോഗസ്ഥരും അങ്ങുമിങ്ങും നടക്കുന്നതുകണ്ടു. അവന് ഒന്നും മനസ്സിലായില്ല.

തിരുവിതാംകുറിനെ ആക്രമിക്കാൻ എതിരാളി വരുന്നുണ്ട് എന്നൊരു സൂചനകിട്ടി. മുന്നറിയിപ്പില്ലാതെ ഏതുസമയത്തും യുദ്ധത്തിന് വേണ്ടുന്ന എല്ലാ ഉപകരണങ്ങളും സൈന്യങ്ങളേയും ഒരുക്കി നിർത്തിയിരുന്നു. പെട്ടെന്ന് യുദ്ധം ആരംഭിച്ചു. സർവ്വശക്തിയും ഉപയോഗിച്ച് തിരുവിതാംകൂർ സൈന്യം ഡച്ചു സൈന്യവുമായി ഏറ്റുമുട്ടി. എതിരാളിയെ പരാജയപ്പെടുത്തി. ഡച്ചുസൈന്യം പിൻതിരിഞ്ഞോടി. യുദ്ധം പെട്ടെന്ന് നിന്നു. അവർ വിശ്രമിക്കുമ്പോൾ ആണ് ടിലനും നീലകണ്ഠനുമായി പരിചയപ്പെടുന്നത് ടിലൻ ചോദിച്ചു. എന്താ നീലകണ്ഠാ മുഖം വല്ലാതെ ഇരിക്കുന്നത്. എന്താ വിഷമം. എന്റെ കുടുംബത്തിലെ കാര്യങ്ങൾ ഓർത്തിട്ട് മനസ്സിന് ഒരു സ്വസ്ഥതയുമില്ല. രോഗങ്ങൾ ദുർമരണങ്ങൾ കുടുംബം ആകെ തകർന്നുപോയി. അതിന് ഞാനൊരു വഴി പറഞ്ഞുതരാം. എന്നാൽ കേൾക്കട്ടെ പറയൂ. ടിലൻ ക്രിസ്തുവിശ്വാസി ആയിരുന്നു. വീട്ടിലെ എല്ലാ ചരിത്രവും പറഞ്ഞുകേൾപ്പിച്ചു. ടിലൻ ബൈബിൾ എടുത്ത് സഹന പുത്രനായ ജോബിന്റെ കുടുംബത്തിലുണ്ടായ തകർച്ചകളും, വിജയവും നീലകണ്ഠനോട് പറഞ്ഞ് കേൾപ്പിച്ചു. അവനെന്തെന്നില്ലാത്ത ഒരു കുളിർമ്മ ഉണ്ടായി. അവന്റെ മനസ്സ് മന്ത്രിച്ചു. ഇതെല്ലാം അറിയാൻ ഇടയായത് ടിലനുമായി കണ്ടുമുട്ടിയതുകൊണ്ടാണ്. ഇനി ബൈബിൾ ജീവിതം മതി എന്ന് അവൻ ഉറപ്പിച്ചു. കോട്ടാറിലെ ദേവാലയത്തിൽ ചെന്ന് അച്ചനുമായി സംസാരിച്ചു. എനിക്ക് ജ്ഞാനസ്നാനം സ്വീകരിക്കണം. ക്രിസ്തുവിശ്വാസി ആകണം. പറഞ്ഞുതീരുമ്പോഴേക്കും വൈദികൻ ഞെട്ടിപ്പോയി. ബ്രാഹ്മണ കുടുംബത്തിൽ പെട്ടവനെ മാമോദീസ മുക്കുകയോ! നാട്ടുകാരും കുടുംബക്കാരും രാജാക്കന്മാരും അറിഞ്ഞാൽ അവരെന്റെ തലകൊയ്യും. എനിക്ക് എന്ത് പീഢനം വന്നാലും യേശുക്രിസ്തുവിന്റെ നാമത്തിൽ മരിക്കേണ്ടിവന്നാലും മരിക്കും അച്ചാ. ആലോചിച്ചതിനുശേഷം അച്ചനൊരു ബോധ്യംകിട്ടി. ഞാൻ അവരെ മാമോദീസ മുക്കും. നാളെ രാവിലെ വരണം അവർ രാവിലെതന്നെ എത്തി. അവരെ മാമോദീസ മുക്കി. നീലകണ്ഠനെ ലാസർ ദേവസഹായം

എന്നും ഭാര്യ ഭാർഗവിക്ക് ജ്ഞാനപൂ എന്നും പേര് കൊടുത്തു. നീല കണ്ഠന് അന്ന് മുപ്പത്തിമൂന്ന് വയസ്സായിരുന്നു. അവർ ക്രിസ്തുസഭയിൽ അംഗമായി. മതം മാറ്റം പെട്ടെന്ന് കാട്ടുതീപോലെ നാടാകെ പരന്നു. രാജാവും മന്ത്രിമാരും അത് അറിഞ്ഞു കോപിക്കുന്നു. രാജാവിന് പലയിടത്തുനിന്നും പരാതികൾ ലഭിച്ചു.

രാജാവ് അവനെ വിളിപ്പിച്ചു. ബ്രാഹ്മണന്മാരേയും ദേവന്മാരേയും അധിക്ഷേപിക്കുകയാണല്ലെ. എല്ലാവരും അവനെ ശകാരിച്ചു കൊണ്ടിരുന്നു. അവനത് കേട്ട്നിന്നു. ശാന്തമായപ്പോൾ അവൻ പ്രതികരിച്ചു. സാക്ഷാൽ ദൈവത്തെയാണ് ഞാൻ കണ്ടുമുട്ടിയത്. ഈ കുലത്തെയാണ് നീ നശിപ്പിച്ചത്. പിന്മാറുന്നതാണ് നിനക്ക് നല്ലത്. മന്ത്രിമാരുടെ താക്കീത്. സർവ്വലോകം സൃഷ്ടിച്ച ദൈവത്തെ ഞാൻ വിടില്ല. അപ്പോൾ രാജാവ് നാം കല്പിക്കുന്നു. കൈക്കും കാലിനും വിലങ്ങ് വെച്ച് കാരാഗൃഹത്തിലേക്ക് കൊണ്ടുപോകൂ. അയാൾ അവിടെ കിടക്കട്ടെ കാരാഗൃഹത്തിലും ശത്രുക്കൾ അവനെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. അമ്പലത്തിലെ ഭസ്മം തലയിൽക്കൂടി വിതറി. രാജാവ് കലിതുള്ളികൊണ്ട് വീണ്ടും കല്പനയായിട്ടു ആ ദുഷ്ടനെ വെള്ളരിക്കമാല കഴുത്തിലണിയിച്ച് വസ്ത്രാക്ഷേപം ചെയ്ത് എരുമപ്പുറത്ത് കയറ്റി ചെണ്ടകൊട്ടിയും കുഴൽ ഊതിയും ഓരോ ഗ്രാമത്തിലും ചെന്ന സ്ഥലങ്ങളിലും എല്ലാ തെരുവീഥികളിലും എല്ലാവരും ആ ദുഷ്ടനെ പരിഹസിക്കട്ടെ. ദിവസവും ചാട്ടവാറുകൊണ്ട് മുപ്പത് അടിവീതം അടിക്കുക. ദേഹത്ത് മുളക് അരച്ച് പുരട്ടുക എന്നിട്ട് ചുട്ടുപൊള്ളുന്ന പാറപുറത്ത് ഇരുത്തി ശിക്ഷിക്കാനും നാം കല്പിക്കുന്നു. ഈ വിവരങ്ങളെല്ലാം അറിഞ്ഞ് ദേവസഹായംപിള്ളയുടെ ഭാര്യ ജ്ഞാനപ്പൂ കാരാഗൃഹത്തിന്റെ മുന്നിലെത്തി. വാതിൽ അടഞ്ഞ് കിടക്കുന്നത് കണ്ടപ്പോൾ അവളുടെ മനസ്സ് തകർന്നു. എന്റെ ഭർത്താവിനെ ഒരുനോക്ക് കാണാൻ കഴിയുന്നില്ല. എനിക്കെന്റെ ഭർത്താവിനെ കാണണം. മേൽപ്പോട്ട് നോക്കി അവൾ കണ്ണടച്ച് സ്തുതിച്ച് നിൽക്കുമ്പോൾ മുന്നിലൊരു ശബ്ദം പെട്ടെന്ന് അവൾ കണ്ണുകൾ തുറന്ന് പോയി. കാരാഗൃഹത്തിന്റെ വാതിൽ തുറന്ന് കിടക്കുന്നു. ചങ്ങലയിൽ ബന്ധിച്ച് കഴിയുന്ന ഭർത്താവിനെ കണ്ടപ്പോൾ ഓടിചെന്ന് തളർന്ന് അവന്റെ കാൽക്കൽ വീണുപോയി ഭാര്യയുടെ പുറത്ത് തടവിക്കൊണ്ട് പതുക്കെ അവൾ എഴുന്നേറ്റു. ഇരുവരുടേയും കണ്ണുകൾ നിറഞ്ഞു. വിതുമ്പി കരഞ്ഞുകൊണ്ട് നീ വേഗം പോകൂ. ആ പിശാചുക്കൾ നിന്നെയും ഉപദ്രവിക്കും. നമ്മളെ രക്ഷിക്കുന്ന ഒരു ദൈവം ഉണ്ട്. ആ ദൈവത്തെ നീ ഇപ്പോൾ കണ്ടില്ലേ. ദൈവം നമ്മുടെ ഹൃദയത്തിൽ ഉണ്ട്. അവർ വരും നീ വേഗം പോകൂ. അവൾ നടക്കാൻ ഭാവിച്ചു. തിരിഞ്ഞ് നോക്കി പൊട്ടിക്കര

ഞ്ഞുകൊണ്ട് അവന്റെ അടുത്തെത്തി. മുഖത്തോട് മുഖം നോക്കി. കെട്ടിപ്പിടിച്ച് ചുംബിച്ചു. അവൾ എന്തോ പറയുവാനുണ്ട്. മനസ്സ് മന്ത്രിച്ചു. വാക്കുകൾ പുറത്ത് വന്നില്ല. നമ്മളെ രക്ഷിക്കുന്ന ഒരാള് സ്വർഗ്ഗത്തിലുണ്ട്. നീവേഗം പോകു. അവർ വന്ന് നിന്നെ ഉപദ്രവിക്കുന്നത് കാണാൻ എനിക്ക് കഴിയില്ല. കണ്ണുനീർ ഒഴുകിക്കൊണ്ട് പതുക്കെ അവൾ നടന്നുപോയി. ഉടനെ ഭടന്മാർ വന്നു. കാരാഗൃഹത്തിന്റെ വാതിൽ തുറന്ന് കിടക്കുന്നതുകണ്ട് അവർ തമ്മിൽ തമ്മിൽ ആരാണ് നമ്മൾ പൂട്ടിയതാണല്ലോ. എന്റെ ദൈവമാണ് തുറന്നത്. പട്ടാളക്കാർ പുച്ഛത്തിൽ നിന്റെ ഒരു ദൈവം. രാജാവിന്റെ കല്പനകൾ ഒരോന്നും നടത്തികഴിഞ്ഞു. എന്നിട്ടും ഒരു മാറ്റം വന്നില്ല. അവനെ കാറ്റാടിമലയിലേക്ക് പോകാനുള്ള ഒരുക്കം ആയി. ഭടന്മാർ അവനെ പുറത്തിറക്കി നടത്തി. കാടുകളും മരങ്ങളും പാറക്കെട്ടുകളും ചെമ്മണ്ണ് നിറഞ്ഞ പാതയിലൂടെ നടത്തി കൂറേ ദൂരം പോയി. ഒരടി മുന്നോട്ട് നടക്കാൻ പോലും അവന് കഴിയാതെ വന്നു. അവനെ നിലത്ത് കിടത്തി കൈകാലുകൾ ബന്ധിച്ചു. അതിനിടയിലൂടെ ഉലക്ക കടത്തി കൊലകളത്തിലേക്ക് കൊണ്ടുപോകുന്ന ഒരു മൃഗത്തെപ്പോലെ അവർ തോലിൽ ചുമന്ന് കാറ്റാടി മലയിൽ എത്തി. ചുട്ടുപൊള്ളുന്ന സമയം. മണി രണ്ട് കഴിഞ്ഞ് കാണും. വിലങ്ങും ചങ്ങലയും അഴിച്ച് മാറ്റി അവർ അവനെ പാറയിൽ കയറ്റിയിരുത്തി. കുറച്ച് സമയം കഴിഞ്ഞു. അവന് ദാഹിച്ചു. ചുണ്ടുകൾ വരണ്ടു. വിയർപ്പ് ഒഴുകുന്നു. നാവ്കൊണ്ട് ദേഹത്ത് നക്കി. അവനാകെ കുഴഞ്ഞ്പോയി. കണ്ണുകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തി. പാറയിൽ മുട്ടുകുത്തി, പാറ പിളർന്നു. വെള്ളം ധാരയായി ഒഴുകിവന്നു. കൈകൾ കൊണ്ട് വെള്ളം എടുത്ത് കുടിച്ചു. കണ്ട്നിന്ന പട്ടാളക്കാർ സ്തംഭിച്ചുപോയി. എന്തൊക്കെ ചെയ്തിട്ടും അവന്റെ വിശ്വാസം വലുതാണ്. രാജാവിന്റെ കല്പന നമുക്ക് ലംഘിക്കാൻ പറ്റില്ല. പട്ടാളക്കാർ തമ്മിൽ തമ്മിൽ പറഞ്ഞു. യേശുവിന്റെ വിശ്വാസത്തിൽ നിന്നും. നിങ്ങൾക്കാർക്കും എന്നെ അകറ്റാൻ കഴിയില്ല. യേശുവിന് ആയിരം നന്ദി. ക്രിസ്തുമതം സ്വീകരിച്ചിട്ട് ഏഴു വർഷംകഴിഞ്ഞു. അതിൽ മൂന്ന് വർഷം ജയിലിലും ആയിരുന്നു. അവന്റെ ഓർമ്മയിൽ നിന്നും പട്ടാളക്കാർ അവന്റെ നെഞ്ചിലേക്ക് തോക്ക് ചൂണ്ടി. എനിക്കൊന്ന് പ്രാർത്ഥിക്കണം. അവർ അവന് പ്രാർത്ഥിക്കാൻ സമയം കൊടുത്തു. കാരുണ്യവാനായ ഈശോയെ എന്റെ ജീവിതത്തിൽ വന്നുപോയ തെറ്റുകൾക്കും അപരാധങ്ങൾക്കും മാപ്പ് തരേണമേ. എന്നെ പൂർണ്ണമായി അങ്ങയുടെ കരങ്ങളിൽ സമർപ്പിക്കുന്നു. പട്ടാളക്കാർ അതേപടി നിൽക്കുന്നു. ദേവസഹായം കൈകൾ കൂപ്പി കണ്ണുകൾ സ്വർഗ്ഗത്തിലേക്ക് ഉയർത്തിനിന്നു. പട്ടാളക്കാർ വെടിവെച്ചു. മാറിടം

തുളഞ്ഞ് വെടിയുണ്ട കടന്ന്പോയി. പാറയിൽ തറഞ്ഞ് പാറ തകർന്നു. മൂന്നാമത്തെ വെടിയ്ക്ക് താഴെ വീണു. എന്നിട്ടും മരിച്ചില്ല. മരിച്ചില്ലെങ്കിൽ രാജാവ് നമ്മളെ കൊല്ലും. അവിടെ കിടന്ന് അവൻ ചോദിച്ചു. അതിൽ ഇനി ഉണ്ട ബാക്കിഉണ്ടോ? ഉണ്ടെന്ന് മറുപടി പറഞ്ഞു. കർത്താവെ ഞാൻ മരിക്കണം. പട്ടാളക്കാരോട് വെടിവെക്കുവാൻ പറഞ്ഞു. ഇനി ഞാൻ മരിച്ചുകൊള്ളും. നാലാമത്തെ വെടിക്ക് അവൻ മരിക്കുകയും ഒരു മണിനാദം പോലെ കാറ്റാടി മലയിൽ മുഴങ്ങി. ആ മുഴക്കം ആ പ്രദേശം മുഴുവൻ മുഴങ്ങികൊണ്ടിരുന്നു. എന്താണ് സംഭവിച്ചത് എന്ന് അറിയാൻ നാട്ടുകാർ ഓടിവന്നു. ചോരയിൽ മുങ്ങികുളിച്ച് കിടക്കുന്ന ദേവസഹായം പിള്ളയെ കണ്ടവരെല്ലാം സ്തംഭിച്ച് നിന്ന് പോയി. സമയം സന്ധ്യയോട് അടുക്കാറായിരുന്നു. അന്ന് വെള്ളിയാഴ്ച ആയിരുന്നു. പിറ്റേദിവസം കോട്ടറിലെ ദേവാലയത്തിൽ കൊണ്ടുപോയി അടക്കി. 1752 ജനുവരി 14ന് ദേവസഹായം പിള്ളയെ 2012 ഡിസംബർ 2ന് വാഴ്ത്തപ്പെട്ടവരുടെ പട്ടികയിലേക്ക് ഉയർത്തുകയും. പിന്നീട് 2022 മെയ് 15ന് വിശുദ്ധനായി പ്രഖ്യാപിക്കുകയും ചെയ്തു.

## സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7–ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ: ............................................... ഫോൺ നമ്പർ :...................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**CIAN BIJU CHUNGATH**

Std : V, St. Joseph Kudumbakoottayma

"എന്താണ് ഇന്നത്തെ പ്രധാന വാർത്തകൾ"



# നിറം കൊടുക്കാമോ

ചിൽഡ്രൻസ് കോർണർ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ................................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ............................................ ഫോൺ നമ്പർ :..................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Hannah Charles E., Class : IV, St. Thomas Kudumbakoottayma

# വചന കലണ്ടർ

## 2024 NOVEMBER നവംബർ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>ഉത്പ 17:15 – 22<br>ഏശ 43:1 – 7, 10 – 11<br>എഫേ 5:21 – 6:4<br>ലൂക്കാ 1:5 – 25 | **2**<br>ഗലാ 3:9 – 14<br>ലൂക്കാ 9:37 – 43a | | | | **1**<br>1യോഹ 3:1 – 3<br>മത്താ 5:1 – 12 | **2**<br>1 കോറി 15:51 – 58<br>യോഹ 11:17 – 27 |
| **3**<br>പുറ 33:1 – 11<br>ഏശ 40:21 – 31<br>ഹെബ്രാ 9:1 – 14<br>മത്താ 25:1 – 13 | **4**<br>2 കോറി 4:13 – 18<br>യാഹ 16:16 – 24 | **5**<br>കൊളോ 1:21 – 23<br>ലൂക്കാ 1:5 – 25 | **6**<br>1പത്രോ 5:1 – 4<br>യോഹ 21:15 – 19 | **7**<br>എഫേ 3:1 – 6<br>മത്താ 8:5 – 13 | **8**<br>എഫേ 6:1 – 9<br>മത്താ 21:28 – 32 | **9**<br>റോമാ 12:9 – 18<br>ലൂക്കാ 10:25 – 37 |
| **10**<br>പുറ 6:1 – 8<br>ഏശ 49:1 – 7<br>1 പത്രോ 1:3 – 7<br>മത്താ 19:23 – 30 | **11**<br>കൊളോ 1:12 – 20<br>മത്താ 19:23 – 30 | **12**<br>2 പത്രോ 1:12 – 21<br>ലൂക്കാ 9:28 – 36 | **13**<br>വെളി 19:1 – 10<br>മത്താ 22:1 – 14 | **14**<br>2 കോറി 11:1 – 4<br>യോഹ 3:22 – 30 | **15**<br>2 കോറി 12:1 – 5<br>യോഹ 3:31 – 36 | **16**<br>വെളി 22:1 – 5<br>മത്താ 19:13 – 14 |
| **17**<br>ഉത്പ 29:15 – 30<br>പ്രഭ 11:20 – 27<br>2 തെസ 3:6 – 15<br>മത്താ 25:14 – 30 | **18**<br>1 കോറി 13:1 – 10<br>മർക്കോ 12:28 – 34 | **19**<br>1 കോറി 4:1 – 5<br>ലൂക്കാ 16:1 – 13 | **20**<br>1 കോറി 6:1 – 11<br>ലൂക്കാ 16:13 – 17 | **21**<br>എഫേ 2:14 – 22<br>യോഹ 14:1 – 14 | **22**<br>ഹെബ്രാ 12:4 – 13<br>യോഹ 15:1 – 8 | **23**<br>2 തിമോ 4:1 – 8<br>യോഹ 17:1 – 8 |
| **24**<br>ഉത്പ 14:17 – 24<br>1 സാമു 8:1 – 9<br>വെളി 19:11 – 16<br>യോഹ 18:33 – 37 | **25**<br>എഫേ 2:14 – 22<br>യോഹ 14:1 – 14 | **26**<br>1 പത്രോ 2:1 – 10<br>യോഹ 10:7 – 16 | **27**<br>എഫേ 1:3 – 12<br>ലൂക്കാ 10:17 – 21 | **28**<br>ഹെബ്രാ 13:9 – 16<br>ലൂക്കാ 10:17 – 21 | **29**<br>വെളി 7:9 – 12<br>മർക്കോ 12:18 – 27 | **30**<br>റോമാ 10:9 – 18<br>മത്താ 4:18 – 22 |

# 35th Happy Anniversary

19-11-2024

## Sebastian & Rosemary

Kallachenmuri House
Chiralayam, Kunnamkulam

<u>*Best Compliments From*</u>

Blessy, Robin, Angelo | Anju, Necter
Chinju, Jith, Giabel Jith, Giaan Jith



# 41–ാം ചരമദിനം

10-11-2024



## ആലുക്കൽ പത്രോസ് അഗസ്റ്റിൻ

ചിറളയം

| ജനനം | മരണം |
|---|---|
| 01-06-1931 | 01-10-2024 |

സന്തപ്ത കുടുംബാംഗങ്ങൾ




Pulimoottil SILKS
SINCE 1924

**PALACE ROAD, THRISSUR**

THODUPUZHA | KOTTAYAM | THIRUVALLA | KOLLAM | PALA
WWW.PULIMOOTTILONLINE.COM

Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM